
വാല്യം 7, ലക്കം 03
ഓഗസ്റ്റ് 1-15, 2026
സൗജന്യവിതരണത്തിന്


# ന്യൂ ഇന്ത്യ സമാചാർ




## ചെങ്കോട്ടയിൽ നിന്ന് ഓരോ പൗരനിലേക്കും വികസിത ഇന്ത്യക്കായുള്ള കൂട്ടായ പ്രയാണം

ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്നു പ്രഖ്യാപിച്ച ഓരോ ദൃഢനിശ്ചയവും ഇന്നു യഥാർഥ രൂപം കൈക്കൊള്ളുകയാണ്. 'ജൻ ധൻ' മുതൽ 'ജൽ ജീവൻ' വരെയും, സ്റ്റാർട്ടപ്പ് ഇന്ത്യ മുതൽ ഹൈഡ്രജൻ ദൗത്യം വരെയും കഴിഞ്ഞ 12 വർഷത്തെ നേട്ടങ്ങൾ 'രാഷ്ട്രം ആദ്യം' എന്ന മനോഭാവം 'വികസിത ഇന്ത്യ@2047'-ന് എങ്ങനെയാണ് അടിത്തറയിടുന്നതെന്നു വ്യക്തമാക്കുന്നു...

@NISPIBIndia ഫോളോ ചെയ്യൂ........



**മേഘാലയയിലെ വേരുപാലങ്ങൾ**

# സ്ഥിരോത്സാഹവും പ്രകൃതിയോടുള്ള അഗാധമായ ആദരവും

*മനോഹരമായ പ്രകൃതിദൃശ്യങ്ങളും ജനങ്ങളുടെ സ്നേഹാർദ്രമായ പെരുമാറ്റവുമാണു മേഘാലയയുടെ സവിശേഷത. സംസ്ഥാനത്തിന്റെ മറ്റൊരു പ്രത്യേകതയാണ് അവിടത്തെ വേരുപാലങ്ങൾ. ഏതാനും ദിവസം കൊണ്ടോ വർഷങ്ങൾ കൊണ്ടോ നിർമിച്ചതല്ല ഇവ; മറിച്ച്, രൂപപ്പെടാൻ പതിറ്റാണ്ടുകൾ എടുത്ത ഘടനകളാണിവ. റബർ മരങ്ങളുടെ വേരുകൾ പുഴകൾക്കു കുറുകെ ക്രമേണ വഴിതിരിച്ചുവിടുന്നു ; കാലക്രമേണ അവ ഉറപ്പുള്ള പാലങ്ങളായി മാറുന്നു. കാലം കടന്നുപോകുന്തോറും കൂടുതൽ കരുത്താർജിക്കുന്ന ഈ ജീവനുള്ള പാലങ്ങൾ, വർഷങ്ങളുടെ ക്ഷമയുടെയും പ്രകൃതിയോടുള്ള ആഴത്തിലുള്ള ആദരവിന്റെയും പ്രതീകമാണ്.*

UNESCO

**ഇന്ത്യ ഇപ്പോൾ ഈ വേരുപാലങ്ങളെ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷിച്ചിട്ടുണ്ട്.**

"ഇന്ന്, പ്രാദേശിക സമൂഹങ്ങൾ 120 – ലധികം വേരുപാലങ്ങൾ സംരക്ഷിച്ചു പോരുന്നു. അവർ വർഷംതോറും ഈ പാലങ്ങളുടെ അവസ്ഥ പരിശോധിക്കുന്നു. ചുറ്റുമുള്ള പ്രദേശങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ചില വ്യക്തികൾ നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ സംരക്ഷണത്തിനായി സമഗ്ര ആവാസവ്യവസ്ഥയും വികസിപ്പിച്ചിട്ടുണ്ട്.

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



# ന്യൂ ഇന്ത്യ സമാചാർ

വാല്യം 7, ലക്കം 3 | ഓഗസ്റ്റ് 1-15, 2026

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,**
**പ്രസ് ഇൻഫർമേഷൻ ബ്യൂറോ,**
**ന്യൂഡൽഹി**

ചീഫ് കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ*
*-ൽ* **@NISPIBIndia**
പിൻതുടരുക

# ഉൾപ്പേജുകളിൽ.........





## 'രാഷ്ട്രം ആദ്യം' എന്ന നിശ്ചയദാർഢ്യത്താൽ ശാക്തീകരിക്കപ്പെടുന്ന പുതിയ ഇന്ത്യ

ഈ ഓഗസ്റ്റ് 15-നു രാജ്യം 80-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ, ഓരോ ഇന്ത്യക്കാരന്റെയും ഹൃദയത്തിൽ ഒരേയൊരു ദൃഢനിശ്ചയം മാത്രമാണു മുഴങ്ങുന്നത്: സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷത്തിൽ 'വികസിത ഇന്ത്യ' സാക്ഷാൽക്കരിക്കുക. കഴിഞ്ഞ 12 വർഷത്തിനിടെ, ഈ സ്വാതന്ത്ര്യദിനാഘോഷം വികസന യാത്രയുടെ ഉത്സവമായി മാറിയിരിക്കുന്നു... |10-30

**പ്രധാനമന്ത്രിയുടെ ലേഖനം**

**ഇന്ത്യയുടെ ഐക്യത്തിനും പുരോഗതിക്കുമായി സമർപ്പിച്ച ജീവിതം**



ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ അമൂല്യസംഭാവനകൾ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതിയ ലേഖനം... |6-8


**വാർത്തകൾ ചുരുക്കത്തിൽ** |4-5

**വ്യക്തിത്വം: പ്രൊഫ. എം എസ് സ്വാമിനാഥൻ**
രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ സ്വന്തം ജീവിത ദൗത്യമാക്കിയ വ്യക്തി |9

**കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനങ്ങൾ**
സെമികോൺ 2.0, മൊബൈൽ ഫോൺ നിർമാണ പദ്ധതി എന്നിവയ്ക്ക് അംഗീകാരം |31

**നിശ്ചയദാർഢ്യത്തോടെ മുന്നേറുന്ന ഇന്ത്യ**
രാജസ്ഥാനിന് വികസന പദ്ധതികൾ സമ്മാനിച്ച് പ്രധാനമന്ത്രി മോദി |32-33

**പുരോഗതിയുടെയും തന്ത്രപരമായ ഐക്യത്തിന്റെയും പുതിയ അധ്യായം**
ജപ്പാൻ പ്രധാനമന്ത്രി തകൈച്ചി സനായെയുടെ ഇന്ത്യാ സന്ദർശനം |36-37

**ആഗോള ബന്ധങ്ങൾക്കു പുതിയ ചിറകുകളേകുന്നു**
പ്രധാനമന്ത്രി മോദിയുടെ ഇൻഡോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് സന്ദർശനങ്ങൾ |38-41

**ഇന്ത്യൻ വനിതാ ക്രിക്കറ്റ്: സുവർണ ഭാവിയിലേക്കുള്ള പ്രയാണം**
ലോർഡ്സിലെ കന്നി അന്താരാഷ്ട്ര വനിതാ ടെസ്റ്റ് മത്സരത്തിൽ ഇന്ത്യക്കു വിജയം |42




## അടുത്ത തലമുറ സാങ്കേതികവിദ്യാ വിപ്ലവം
### ഇന്ത്യയിൽ സെമികണ്ടക്ടറുകളുടെ നവയുഗം

ഗുജറാത്തിലെ സാനന്ദിൽ നിർമിച്ച സിജി സെമി ഔട്ട്സോഴ്സ്ഡ് സെമികണ്ടക്ടർ നിർമാണ-പരിശോധന (OSAT) കേന്ദ്രം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. | 34-35


**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail : response-nis@pib.gov.in, RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്

## 80-ാം സ്വാതന്ത്ര്യദിന പതിപ്പ്

### സ്വയം പര്യാപ്തതയിലൂടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കൽ

**ഊഷ്മളമായ ആശംസകൾ,**

1947 ഓഗസ്റ്റ് 15-നാണു ബ്രിട്ടീഷ് വാഴ്ചയിൽനിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയത്. എന്നിരുന്നാലും, സ്വന്തം മൂല്യങ്ങളിലും സ്വത്വത്തിലും അധിഷ്ഠിതമായ വ്യവസ്ഥിതി സത്യസന്ധമായി സ്ഥാപിച്ചെടുക്കാൻ പതിറ്റാണ്ടുകളുടെ നിതാന്ത പരിശ്രമങ്ങൾ വേണമായിരുന്നു. ഇന്ത്യ 80-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിലേക്കു കടക്കുമ്പോൾ, അധിനിവേശ മനോഭാവം വെടിയുന്നതിൽ രാജ്യം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ടെന്നു വ്യക്തമാണ്. കഴിഞ്ഞ 12 വർഷത്തിനിടെ, സ്വയംപര്യാപ്തവും അഭിമാനപൂർവവുമായ രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ സ്വത്വത്തെ പുതിയ ഉയരങ്ങളിലേക്കു കൊണ്ടുപോകാൻ നിരവധി സംരംഭങ്ങൾക്കു സാധിച്ചു. പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിർമാണം, രാജ്പഥിനെ കർത്തവ്യപഥ് എന്നു പുനർനാമകരണം ചെയ്യൽ, ഇന്ത്യാഗേറ്റിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പ്രതിമ സ്ഥാപിക്കൽ, പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കൽ, പുതിയ നാവികസേനാ പതാക സ്വീകരിക്കൽ, റെയിൽവേ ബജറ്റിനെ കേന്ദ്ര ബജറ്റുമായി ലയിപ്പിക്കൽ, ബ്രിട്ടീഷ് ഭരണകാലത്തു നിരോധിച്ച സാഹിത്യകൃതികൾ പുനഃപ്രസിദ്ധീകരിക്കൽ, ബജറ്റ് അവതരണത്തിനു പരമ്പരാഗത 'ബഹി ഖാതാ' ഉപയോഗിക്കൽ തുടങ്ങിയ നടപടികൾ ഇന്ത്യയുടെ സാംസ്കാരിക ബോധത്തിനു പുതിയ രൂപം നൽകി. ബജറ്റ് അവതരണത്തിന്റെ സമയത്തിലും തീയതിയിലും വരുത്തിയ മാറ്റങ്ങളും ഈ ദിശയിലുള്ള പ്രധാന ചുവടുവയ്പുകളായിരുന്നു. ഒന്നാകെ നോക്കുമ്പോൾ, ഈ സംരംഭങ്ങളെല്ലാം 2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കാനുള്ള ഇന്ത്യയുടെ കാഴ്ചപ്പാടിനോടു ചേർന്നു നിൽക്കുന്നവയാണ്. ന്യൂ ഇന്ത്യ സമാചാറിന്റെ ഈ പ്രത്യേക പതിപ്പ് ഈ വികാരത്തിനായി സമർപ്പിക്കുന്നു.

ജനാധിപത്യം ശക്തിപ്പെടുത്തുന്നതു മുതൽ സാമ്പത്തിക പുരോഗതി, സാമൂഹ്യനീതി, ശാസ്ത്ര-സാങ്കേതിക മേഖലകളിലെ സ്വയംപര്യാപ്തത, രാജ്യരക്ഷാ മേഖലയിലെ ശാക്തീകരണം, ആരോഗ്യ സേവനങ്ങളുടെ വികാസം, അടിസ്ഥാനസൗകര്യ പരിവർത്തനം, കാർഷിക-ഗ്രാമവികസനം, വിദ്യാഭ്യാസവും നൈപുണ്യവികസനവും, വനിതാ അധിഷ്ഠിത വികസനം, കായികരംഗത്തെ നേട്ടങ്ങൾ, വിദേശനയത്തിൽ വർധിച്ചുവരുന്ന ആഗോള പദവി, സാംസ്കാരിക-ആത്മീയ പൈതൃകങ്ങളുടെ സംരക്ഷണം എന്നിവവരെയുള്ള തെരഞ്ഞെടുത്ത 80 നേട്ടങ്ങൾ ഭൂതകാലത്തിന്റെ മഹിമയിൽനിന്നു പ്രചോദനമുൾക്കൊണ്ട്, ഭാവിയിലേക്കുള്ള ഇന്ത്യയുടെ പ്രയാണത്തെ എടുത്തുകാണിക്കുന്നു. ഈ പതിപ്പ് കഴിഞ്ഞ 12 വർഷത്തെ ഓർമകളുടെ രേഖപ്പെടുത്തൽ മാത്രമല്ല; മറിച്ച്, രാഷ്ട്രനിർമാണത്തിൽ സജീവ പങ്കാളികളാകാൻ ഓരോ പൗരനുമുള്ള ആഹ്വാനം കൂടിയാണ്. 'വ്യക്തിത്വം' പംക്തിയിൽ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ജീവിതം സമർപ്പിച്ച എം എസ് സ്വാമിനാഥനെക്കുറിച്ചുള്ള കുറിപ്പാണ്. ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾക്കായുള്ള വികസന സംരംഭങ്ങൾ ഉൾപ്പെടെ കഴിഞ്ഞ രണ്ടാഴ്ചത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടികളുടെ സമഗ്രമായ അവലോകനവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, ഉൾക്കവറിൽ സ്ഥിരോത്സാഹത്തിന്റെയും പ്രകൃതിയോടുള്ള ആഴത്തിലുള്ള ആദരവിന്റെയും പ്രതീകമായ മേഘാലയയിലെ വേരുപാലങ്ങളെക്കുറിച്ചും, പിൻകവറിൽ എല്ലാ വർഷവും ഓഗസ്റ്റ് 7-ന് ആചരിക്കുന്ന ദേശീയ കൈത്തറി ദിനത്തിനായുള്ള പ്രത്യേക ഉള്ളടക്കവും ഉൾപ്പെടുത്തിയിട്ടുണ്ട്.

***നിങ്ങളുടെ വിലയേറിയ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയക്കുമല്ലോ.***



**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി






**ലളിതവും ആകർഷകവുമായ ഭാഷ**

പുതിയ ഇന്ത്യയുടെ പുരോഗതി പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി ന്യൂ ഇന്ത്യ സമാചാർ മാഗസിൻ പ്രവർത്തിക്കുന്നു. ഇതു വാർത്താസമാഹാരം മാത്രമല്ല, ലളിതവും ആകർഷകവുമായ ഭാഷയിൽ രാജ്യത്തിന്റെ വികസനഗാഥ വിവരിക്കുന്നതിനുള്ള കരുത്തുറ്റ മാധ്യമം കൂടിയാണ്. 2026 ജൂലൈ പതിപ്പിന്റെ കവർ സ്റ്റോറി ശ്രദ്ധേയമാണ്; മൂന്നു പുതിയ നിയമങ്ങൾ നടപ്പാക്കിയതിന്റെ രണ്ടുവർഷം പൂർത്തിയായതിനെ ഇത് എടുത്തുകാട്ടുന്നു. അധിനിവേശ കാലഘട്ടത്തിലെ നിയമങ്ങൾക്കുപകരം 'പൗരനാണു പ്രധാനം' എന്ന സമീപനം കൊണ്ടുവന്നത് ഇന്ത്യ അധിനിവേശ മനോഭാവം വെടിഞ്ഞുവെന്നു വ്യക്തമാക്കുന്നു.

**കമൽ വർമ**

kmlksr0@gmail.com

**സാമൂഹ്യവികസന കഥകളുടെ മികച്ച സംയോജനം**

ന്യൂ ഇന്ത്യ സമാചാറിന്റെ പുതിയ പതിപ്പ് പങ്കുവച്ചതിനു നന്ദി. വളരെ താൽപ്പര്യത്തോടെയാണ് ഞാൻ ഈ പതിപ്പു വായിച്ചത്. യോഗയെ ഇന്ത്യയുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള സാംസ്കാരിക പൈതൃകമായി മനോഹരമായി ചിത്രീകരിക്കുന്നതിനൊപ്പം, അത് ആഗോളപ്രസ്ഥാനമായി വളർന്നതിനെയും മുഖപ്രസംഗത്തിൽ എടുത്തുപറയുന്നു. വ്യക്തിയിൽ നിന്നു കുടുംബത്തിലേക്കും സമൂഹത്തിലേക്കും രാഷ്ട്രത്തിലേക്കും ഒടുവിൽ സമസ്ത മാനവരാശിയിലേക്കുമുള്ള യാത്രയെ നിങ്ങൾ കൂട്ടിയിണക്കിയ രീതി ചിന്തനീയവും പ്രചോദനാത്മകവുമാണ്. ഭരണം, പൊതുനയം, സാമൂഹ്യവികസനം, സാധാരണക്കാരന്റെ ജീവിതവും അനുഭവങ്ങളും എന്നിവയെക്കുറിച്ചുള്ള കഥകളുടെ മികച്ച സമ്മിശ്രണമാണ് ഈ പതിപ്പു മുന്നോട്ടുവയ്ക്കുന്നത്.

vivek.pandey@timesofindia.com

**സംരംഭങ്ങളെക്കുറിച്ചുള്ള സമഗ്രവും വിശ്വസനീയവുമായ വിവരങ്ങൾ**

രാജ്യത്തിന്റെ വികസന സംരംഭങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരണം ഈ മാഗസിൻ യഥാർഥത്തിൽ നൽകുന്നുണ്ട്. ഭരണപരമായ നയങ്ങളെക്കുറിച്ചു പൊതുജനങ്ങളെയും സിവിൽ സർവന്റുമാരെയും വിവരമറിയിക്കേണ്ടത് അത്യാവശ്യമാണ്. സമൂഹത്തിന്റെ ക്ഷേമത്തിനായി ഭരണകൂടം നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്രവും വിശ്വസനീയവുമായ വിവരങ്ങൾ ഇതു നൽകുന്നു. ഈ മാഗസിനു ശോഭനമായ ഭാവി ആശംസിക്കുന്നു.

**കാംത പ്രസാദ് പ്രജാപതി**

kvkpprajapati@gmail.com

**ഭരണത്തെയും രാഷ്ട്രനിർമാണത്തെയും കുറിച്ചുള്ള സമഗ്ര കാഴ്ചപ്പാട്**

വിനിത സോറന്റെ പ്രചോദനാത്മക യാത്ര, കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ, പ്രഗതി (PRAGATI), തൊഴിൽ മേള, പ്രധാനമന്ത്രിയുടെ അന്താരാഷ്ട്ര സന്ദർശനങ്ങൾ എന്നിവ ഉൾപ്പെടുത്തിയതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇവയെല്ലാം ചേർന്ന്, സമകാലിക ഭരണത്തെയും രാഷ്ട്രനിർമാണത്തെയും കുറിച്ച് വായനക്കാർക്കു സമഗ്ര കാഴ്ചപ്പാടു നൽകുന്നു. മികച്ച രീതിയിൽ മാസിക തയ്യാറാക്കുന്ന എഡിറ്റോറിയൽ ടീമിനാകെ അഭിനന്ദനങ്ങൾ. ഭാവിയിലും സമാനമായ വിവരദായകമായ പതിപ്പുകൾ വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ashishprabhatmishra@gmail.com

**ദേശീയ നയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിൽ വളരെ സഹായകം**

ഞാൻ ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. ദേശീയ നയങ്ങളെയും ഗവണ്മെന്റ് പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ വളരെ ഉപകാരപ്രദമായി ഞാൻ കാണുന്നു.

**അനുഷ്ക ബർദിയ**

anushkabardiya@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003

ഇ-മെയിൽ: response-nis@pib.gov.in

## ഭീകരവാദത്തിനെതിരെ സഹിഷ്ണുതാ രഹിത സമീപനം

ഇന്ത്യ സമാധാനത്തിനായി നിലകൊള്ളുന്നു; എന്നാൽ അതിർത്തിക്കുള്ളിൽ അശാന്തി വിതയ്ക്കുന്നവരെയോ പൗരന്മാരെ ഉപദ്രവിക്കുന്നവരെയോ വെറുതെ വിടില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള നിലവിലെ ഗവണ്മെന്റിന്റെ, ഭീകരവാദത്തിനെതിരായ 'സഹിഷ്ണുതാരഹിത' നയത്തിനു കീഴിൽ, ആഭ്യന്തര മന്ത്രാലയം 23 ഭീകരപ്രവർത്തകരെ ഭീകരരായി പ്രഖ്യാപിച്ചു. ഈ 23 ഭീകരരിൽ 17 പേർ പാകിസ്ഥാൻ സ്വദേശികളും 6 പേർ ഇന്ത്യൻ പൗരന്മാരുമാണ്; ഇവരെല്ലാം പാകിസ്ഥാനിൽ നിന്നും പാക് അധീന ജമ്മു കശ്മീരിൽ നിന്നുമാണു ഭീകരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്.

ഇന്ത്യയെയും ഇവിടത്തെ ജനങ്ങളെയും സംരക്ഷിക്കുന്നതിനായി ഓരോ ഭീകര ശൃംഖലയെയും തകർത്തെറിയാൻ മോദി ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്നു കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ പ്രസ്താവിച്ചു. ദേശവിരുദ്ധ പ്രവർത്തനങ്ങൾ, ഭീകരാക്രമണങ്ങൾ, ഭീകരവാദ പ്രോത്സാഹനം, ആയുധക്കടത്ത്, അതിർത്തി കടന്നുള്ള നുഴഞ്ഞുകയറ്റം, ഭീകരസംഘടനകളെ സഹായിക്കൽ, ഫണ്ട് ശേഖരണം, ഭീകരരിലേക്കുള്ള റിക്രൂട്ട്മെന്റ് എന്നിവയിൽ ഈ ഭീകരർ ഉൾപ്പെട്ടിട്ടുണ്ട്. ഗവണ്മെന്റിന്റെ ഈ തീരുമാനം ഭീകരരുടെ ഫണ്ട് ശേഖരണ സംവിധാനങ്ങൾ, സഞ്ചാരം, റിക്രൂട്ട്മെന്റ് ശേഷി, ഭീകരബന്ധിത പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിലൂടെ ഭീകര ആവാസവ്യവസ്ഥയെ ഇല്ലാതാക്കുന്നതിൽ നിർണായകമാണെന്ന് തെളിയും.



## ഗിന്നസ് ലോക റെക്കോർഡ്: 3.61 ലക്ഷത്തിലധികം തൈകൾ നട്ടു






പരിസ്ഥിതി സംരക്ഷണം ഇന്ന് ജനകീയ പ്രസ്ഥാനത്തിന്റെ രൂപം കൈക്കൊണ്ടിരിക്കുകയാണ്. 'ഏക് പേഡ് മാ കേ നാം' യജ്ഞം രാജ്യത്തുടനീളമുള്ള കോടിക്കണക്കിനു പൗരന്മാരെ പ്രകൃതിയെ സംരക്ഷിക്കുകയെന്ന ഈ മഹത്തായ ദൗത്യവുമായി ബന്ധിപ്പിച്ചു. ഈ സംരംഭത്തിന്റെ ഭാഗമായി, ജൂലൈയിലെ ആദ്യ രണ്ടാഴ്ചയ്ക്കുള്ളിൽ, ഗുജറാത്തിലെ ഗാന്ധിനഗർ ലോക്സഭാ മണ്ഡലം മിയാവാക്കി രീതി ഉപയോഗിച്ച് ഒരു മണിക്കൂറിനുള്ളിൽ 3.61 ലക്ഷത്തിലധികം തൈകൾ നട്ട് ഗിന്നസ് ലോക റെക്കോർഡ് കുറിച്ചു. 'ജനകീയ വൃക്ഷത്തൈ നടീൽ യജ്ഞത്തിനു' കീഴിൽ, ഗാന്ധിനഗറിലെ ജനങ്ങൾ 1.26 കോടിയിലധികം തൈകൾ നട്ടുപിടിപ്പിച്ചു. ഇതിൽ ഏകദേശം 1.16 കോടി തൈകൾ 404 പൊതുസ്ഥലങ്ങളിലായി നട്ടപ്പോൾ, 11 ലക്ഷത്തിലധികം തൈകൾ ജനങ്ങൾ സ്വകാര്യ വളപ്പുകളിലാണ് നട്ടത്.

## രാജ്യത്തെ ആറാമത്തെ സമ്പൂർണ സാക്ഷരതാ സംസ്ഥാനമായി ഉത്തരാഖണ്ഡ്

ദേശീയ വിദ്യാഭ്യാസ നയം 2020, 'ഉല്ലാസ്' (സമൂഹത്തിലെ എല്ലാവരുടെയും ആജീവനാന്ത പഠനത്തെക്കുറിച്ചുള്ള അവബോധം) – ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം എന്നിവയ്ക്കു കീഴിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച്, ഉത്തരാഖണ്ഡ് രാജ്യത്തെ ആറാമത്തെ സമ്പൂർണ സാക്ഷരതാ സംസ്ഥാനമായി മാറി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിലുള്ള സ്കൂൾ വിദ്യാഭ്യാസ-സാക്ഷരതാ വകുപ്പ് നിർദേശിച്ച സാക്ഷരതാ മാനദണ്ഡങ്ങൾ പൂർത്തിയാക്കിയതിനെ തുടർന്ന് 2026 ജൂലൈ 8-നാണ് ഈ പ്രഖ്യാപനം നടത്തിയത്. 2025 മെയ് മാസത്തിൽ മിസോറമാണ് ആദ്യത്തെ സമ്പൂർണ സാക്ഷരതാ സംസ്ഥാനമായത്. തുടർന്നു ഗോവ, ത്രിപുര, ഹിമാചൽ പ്രദേശ്, സിക്കിം എന്നീ സംസ്ഥാനങ്ങളും നേട്ടം കൈവരിച്ചു. പുതിയ നയത്തിനു കീഴിൽ പൂർണ സാക്ഷരതാ സംസ്ഥാനമെന്ന പദവി കൈവരിച്ചതിലൂടെ, വിദ്യാഭ്യാസ വികസനത്തിൽ ഉത്തരാഖണ്ഡ് നിർണായകമായ നാഴികക്കല്ലു പിന്നിട്ടിരിക്കുകയാണ്.



## ഇന്ത്യൻ പഴങ്ങളുടെ രുചി : ആഗോളതലത്തിൽ ഏറെ പ്രിയങ്കരം

ഇന്ത്യയിലെ വിശിഷ്ടമായ പഴങ്ങളുടെ രുചി ആഗോളതലത്തിൽ കൂടുതൽ ജനപ്രിയമാകുകയാണ്. ഉത്തരാഖണ്ഡിലെ ലിച്ചിയുടെ കയറ്റുമതി ഇറ്റലിയിൽ വലിയ സ്വീകാര്യത നേടുമ്പോൾ, തേജ്പൂർ ലിച്ചികൾ ദുബായിലും പ്രിയങ്കരമായി മാറി. കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി സുഗമമാക്കി, കാർഷിക-സംസ്കൃത ഭക്ഷ്യോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി (APEDA) മികച്ച വിലയും പുതിയ വിപണികളും കർഷകർക്കു സമൃദ്ധമായ ഭാവിയും ഉറപ്പാക്കാൻ വഴിയൊരുക്കുന്നു. ഈ സംരംഭത്തിന്റെ ഭാഗമായി, ജമ്മു കശ്മീരിൽ നിന്നുള്ള വിശിഷ്ട ഇനത്തിൽപ്പെട്ട അരെക്കോ ചെറികളുടെയും സാന്റാറോസ പ്ലംസിന്റെയും ആദ്യ കയറ്റുമതി യുഎഇയിലേക്ക് APEDA സാധ്യമാക്കി. ഈ മുന്നേറ്റം ഇന്ത്യൻ പഴങ്ങൾക്ക് അന്താരാഷ്ട്രതലത്തിൽ വർധിച്ചുവരുന്ന ആവശ്യകതയെയാണു പ്രതിഫലിപ്പിക്കുന്നത്.

ഇന്ത്യയുടെ രുചിയിപ്പോൾ തോട്ടങ്ങളിൽ നിന്നു ലോകമെമ്പാടുമുള്ള തീൻമേശകളിലേക്ക് എത്തിച്ചേരുകയാണ്. ജമ്മു കശ്മീരിലെ ഷോപ്പിയാൻ, പുൽവാമ ജില്ലകളിൽ നിന്നുള്ള അരെക്കോ ചെറികളുടെയും സാന്റാറോസ പ്ലംസിന്റെയും ആദ്യ കയറ്റുമതി അബുദാബിയിലേക്കും ദുബായിലേക്കുമാണ്. ഈ നേട്ടം ഇന്ത്യൻ പഴങ്ങൾക്ക് ആഗോളതലത്തിലുള്ള അംഗീകാരം വർധിപ്പിക്കുക മാത്രമല്ല, ജമ്മു കശ്മീരിലെ തോട്ടവിള മേഖലയ്ക്കു പുതിയ അവസരങ്ങൾ തുറന്നുനൽകുകയും ചെയ്യുന്നു.



## ഐഎൻഎസ് മഹേന്ദ്രഗിരി... സമുദ്രാതിർത്തികളുടെ പുതിയ കാവലാൾ

ഇന്ത്യയുടെ 11,098 കിലോമീറ്റർ നീളമുള്ള തീരദേശവും 24 ലക്ഷം ചതുരശ്ര കിലോമീറ്റർ വരുന്ന പ്രത്യേക സാമ്പത്തിക മേഖലയും (EEZ) അതിലെ സമുദ്ര വാണിജ്യ പാതകളും ഇന്ത്യയുടെ നാവികസേന സുരക്ഷിതമാക്കുന്നു. അതിനാൽ, നാവികസേനയെ സ്വയംപര്യാപ്തമാക്കുക എന്നതാണു നിലവിലെ കേന്ദ്ര ഗവൺമെന്റിന്റെ ലക്ഷ്യം. ഈ സംരംഭത്തിന്റെ ഭാഗമായി, തദ്ദേശീയമായി നിർമിച്ച അത്യാധുനിക സ്റ്റെൽത്ത് ഫ്രിഗേറ്റായ 'ഐഎൻഎസ് മഹേന്ദ്രഗിരി' കേന്ദ്ര രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങിന്റെ സാന്നിധ്യത്തിൽ ജൂലൈ 11-ന് ഇന്ത്യയുടെ നാവികസേനാവ്യൂഹത്തിലേക്കു ചേർത്തുവച്ചു.

കരുത്തുറ്റ മുൻനിര യുദ്ധക്കപ്പലാണ് ഐഎൻഎസ് മഹേന്ദ്രഗിരി. ഉപരിതലത്തിൽനിന്ന് ഉപരിതലത്തിലേക്കു തൊടുക്കാവുന്നതും ഇടത്തരം ദൂരപരിധിയിലുള്ള ഉപരിതലത്തിൽനിന്ന് ആകാശത്തേക്കു തൊടുക്കാവുന്നതുമായ മിസൈലുകളും, തദ്ദേശീയമായി നിർമിച്ച റോക്കറ്റ്, ടോർപ്പിഡോ വിക്ഷേപണ സംവിധാനവും ഇതിൽ സജ്ജീകരിച്ചിട്ടുണ്ട്. വ്യോമപ്രതിരോധം, അന്തർവാഹിനി വിരുദ്ധ യുദ്ധമുറകൾ, നിരീക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമേ മാനുഷിക സഹായവും ദുരന്തനിവാരണ ദൗത്യങ്ങളും നടത്താനും ഈ കപ്പലിനു ശേഷിയുണ്ട്. 75 ശതമാനത്തിലധികം തദ്ദേശീയ സാമഗ്രികളും 200-ലധികം ഇന്ത്യൻ വ്യവസായങ്ങളുടെ പങ്കാളിത്തവും ഉപയോഗിച്ചാണ് ഈ യുദ്ധക്കപ്പൽ നിർമിച്ചിരിക്കുന്നത്. മഹേന്ദ്രഗിരിയുടെ വരവ് ഇന്ത്യൻ നാവികസേനയുടെ പോരാട്ടശേഷിയും പ്രവർത്തന വ്യാപ്തിയും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സാന്നിധ്യവും കൂടുതൽ ശക്തിപ്പെടുത്തുന്നു.



ഡോ.ശ്യാമപ്രസാദ് മുഖർജി

# ഇന്ത്യയുടെ ഐക്യത്തിനും പുരോഗതിക്കുമായി സമർപ്പിച്ച ജീവിതം



**നരേന്ദ്ര മോദി**
*പ്രധാനമന്ത്രി*

*ഇന്ത്യയുടെ ഐക്യത്തിന്റെ പ്രധാന ശിൽപ്പിയും, സംയോജിത ഇന്ത്യയുടെ വക്താവും, തീവ്ര ദേശീയവാദിയും, പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ 125 – ാം ജന്മവാർഷികം ഇന്ത്യാഗവണ്മെന്റ് രണ്ടുവർഷം നീളുന്ന ദേശീയ ആഘോഷമായി ആചരിക്കുകയാണ്. 2025 ജൂലൈ 6 ന് ആരംഭിച്ച ഈ ആചരണം 2027 ജൂലൈ 6 വരെ തുടരും. ഈ വർഷത്തെ അദ്ദേഹത്തിന്റെ ജന്മവാർഷിക വേളയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഡോ. മുഖർജിയുടെ അമൂല്യമായ സംഭാവനകൾക്ക് ആദരമർപ്പിച്ചു ലേഖനമെഴുതി. കരുത്തുറ്റതും സ്വയംപര്യാപ്തവുമായ ഇന്ത്യയെക്കുറിച്ചുള്ള ഡോ. മുഖർജിയുടെ കാഴ്ചപ്പാട്, രാഷ്ട്രനിർമാണത്തിലേക്കുള്ള രാജ്യത്തിന്റെ നിശ്ചയദാർഢ്യത്തിനു പ്രചോദനവും ഊർജവും പകരുന്നത് എങ്ങനെയെന്നു പ്രധാനമന്ത്രി എടുത്തു കാട്ടി.*

ദേശീയതയുടെയും നിസ്വാർഥ സേവനത്തിന്റെയും ആദർശങ്ങൾ നെഞ്ചേറ്റുന്ന ദശലക്ഷക്കണക്കിനു പൗരന്മാർക്ക് ജൂലൈ 6 സവിശേഷ ദിനമാണ്. ധീരതയുടെയും മാതൃഭൂമിയോടുള്ള അചഞ്ചലമായ പ്രതിജ്ഞാബദ്ധതയുടെയും എക്കാലത്തെയും മികച്ച മാതൃകയായ ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ 125–ാം ജന്മവാർഷികം ഈ ദിനത്തിൽ നാം ആഘോഷിക്കുകയാണ്. ബൗദ്ധികത, പൊതുസേവനം, ധാർമിക ബോധം എന്നിവയുടെ സന്തുലിതമായ സങ്കലനം ഡോ. ശ്യാമപ്രസാദ് മുഖർജിയെപ്പോലെ ഇത്രയധികം ആഴത്തിൽ പ്രതിഫലിപ്പിച്ച നേതാക്കൾ ആധുനിക ഇന്ത്യയിൽ വളരെ ചുരുക്കമാണ്.

സുരക്ഷിതവും സുഖപ്രദവുമായ ജീവിതം ഉറപ്പാക്കാമായിരുന്ന സാഹചര്യങ്ങളിലാണ് യുവ ശ്യാമപ്രസാദ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് സർ അശുതോഷ് മുഖർജി ആ കാലഘട്ടത്തിലെ ഏറ്റവും പ്രമുഖരായ വിദ്യാഭ്യാസ വിദഗ്ദ്ധരിലും ബുദ്ധിജീവികളിലും ഒരാളായിരുന്നു. വിധി അദ്ദേഹത്തിന് മുന്നിൽ ആനുകൂല്യങ്ങളുടെ പാത തുറന്നിട്ടെങ്കിലും, അദ്ദേഹത്തിന്റെ മനസ്സാക്ഷി അദ്ദേഹത്തെ നയിച്ചത് ത്യാഗത്തിന്റെയും ദേശീയ സേവനത്തിന്റെയും വഴിയിലേക്കാണ്. കൊളോണിയലിസം, വർഗീയത, മാനുഷിക വെല്ലുവിളികൾ എന്നിവയ്ക്കെതിരെയുള്ള പോരാട്ടങ്ങളേതുമാകട്ടെ, തന്റെ കാലഘട്ടത്തിലെ അത്തരം വെല്ലുവിളികൾക്കു മുന്നിൽ നിശബ്ദ സാക്ഷിയായി തുടരാൻ തനിക്ക് കഴിയില്ലെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. ഈ യാത്രയിലുടനീളം, ഒരു ചെറിയ കുഞ്ഞിന്റെയും പിന്നീട് ഭാര്യയുടെയും വിയോഗം ഉൾപ്പെടെയുള്ള ആഴത്തിലുള്ള വ്യക്തിപരമായ ദുരന്തങ്ങൾ അദ്ദേഹത്തിനു സഹിക്കേണ്ടിവന്നു. എന്നിരുന്നാലും, ഈ ദുരന്തങ്ങൾ അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ കൂടുതൽ ആഴത്തിലാക്കുകയും സേവനത്തിനായുള്ള അദ്ദേഹത്തിന്റെ അചഞ്ചലമായ പ്രതിജ്ഞാബദ്ധതയ്ക്കു കൂടുതൽ കരുത്തു പകരുകയുമാണുണ്ടായത്.

ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ പൊതുജീവിതത്തെ നിർവചിച്ച ഏതെങ്കിലും ആദർശം ഉണ്ടെങ്കിൽ, അത് ഇന്ത്യയുടെ അവിഭാജ്യതയായിരുന്നു. പശ്ചിമ ബംഗാൾ ഇന്ത്യയുടെ അവിഭാജ്യഘടകമായി നിലകൊള്ളുന്നുവെന്ന് ഉറപ്പാക്കാൻ വിഭജനത്തിന്റെ അശാന്തി നിറഞ്ഞ നാളുകളിൽ അദ്ദേഹം ഉറച്ചുനിന്നു. ഏതാനും വർഷങ്ങൾക്കുശേഷം, ഇതേ ദൃഢവിശ്വാസമാണ് അദ്ദേഹത്തെ ജമ്മു കശ്മീരിലേക്ക് ആകർഷിച്ചതും. തടവുശിക്ഷ അദ്ദേഹത്തെ തളർത്തിയില്ല; ഏകാന്തത അദ്ദേഹത്തെ ദുർബലനാക്കിയതുമില്ല. താൻ ആർക്കുവേണ്ടിയാണോ നിലകൊണ്ടത്, ആ ദശലക്ഷക്കണക്കിനു ജനങ്ങളിൽനിന്നും അകലെ, തടവിലിരിക്കെയാണ് അദ്ദേഹത്തിന്റെ ജീവിതം പെട്ടെന്ന് അവസാനിച്ചത്. ചരിത്രത്തിൽ ചില നിമിഷങ്ങളുണ്ട്; അവിടെ ഒരു വ്യക്തിയുടെ അന്തിമ ത്യാഗം രാഷ്ട്രീയത്തിന് അതീതമായി ദേശീയ സ്മൃതിയുടെ ഭാഗമായി മാറുന്നു. ഡോ. മുഖർജിയുടെ അവസാന യാത്ര അങ്ങനെയൊരു നിമിഷമായി അവശേഷിക്കുന്നു.

താൻ വിശ്വസിച്ച ലക്ഷ്യത്തിനു വേണ്ടിയാണു ഡോ. മുഖർജി സ്വയം ബലിനൽകിയതെന്ന് ആചാര്യ വിനോബ ഭാവെ പറയുകയുണ്ടായി. വർഷങ്ങൾക്കുശേഷം, 2019-ൽ 370, 35(എ) വകുപ്പുകൾ റദ്ദാക്കിയത് അദ്ദേഹത്തിന്റെ രക്ത സാക്ഷിത്വത്തിനു നൽകിയ ഏറ്റവും ഉചിതമായ ശ്രദ്ധാഞ്ജലിയായിരുന്നു.

ഇന്ത്യക്കും ഇന്ത്യൻ മൂല്യങ്ങൾക്കുമാണു ഡോ. മുഖർജി പ്രഥമ പരിഗണന നൽകിയത്. അക്കാലത്തെ പരമ്പരാഗത ചിന്താഗതികളെ വെല്ലുവിളിച്ച്, സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുകയും സംവിധാനങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്താണ് അദ്ദേഹം ഇതു സാധ്യമാക്കിയത്. കൽക്കട്ട സർവകലാശാലയുടെ ഏറ്റവും പ്രായം കുറഞ്ഞ വൈസ് ചാൻസലറായി അദ്ദേഹം മാറി. തനതായ ശൈലിയിലൂടെ, ദേശസ്നേഹപരവും ഭാവിയിലേക്കുള്ളതുമായ മികച്ച മാറ്റങ്ങൾ അദ്ദേഹം കൊണ്ടുവന്നു. ഒരു വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്ത് ഡോ. മുഖർജി പറഞ്ഞതിങ്ങനെയാണ്: ‘‘വിദ്യാഭ്യാസ സ്ഥാപനങ്ങളെ ക്ലർക്കുമാരെയും കുറഞ്ഞ ശമ്പളമുള്ള ജീവനക്കാരെയും ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികളായി കാണുന്നതു തെറ്റാണ്. മുൻസിപ്പൽ കോർപ്പറേഷനുകൾ, പ്രൊവിൻഷ്യൽ-സെൻട്രൽ ലെജിസ്ലേച്ചറുകൾ തുടങ്ങിയ നമ്മുടെ സ്വയംഭരണ സ്ഥാപനങ്ങൾക്കു നേതൃത്വം നൽകാൻ പ്രാപ്തരായതും, അതുപോലെ സാമ്പത്തിക, വാണിജ്യ, വ്യവസായ മേഖലകൾ ഉൾപ്പെടെയുള്ള ജീവിതത്തിന്റെ വിവിധ മേഖലകളിലെ കാര്യങ്ങൾ നിയന്ത്രിക്കാൻ ശേഷിയുള്ളതുമായ വിദ്യാർഥികളെയാണു നാം വാർത്തെടുക്കേണ്ടത്.’’

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൽക്കട്ട സർവകലാശാല ലൈബ്രറി അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ശാസ്ത്ര ഗവേഷണങ്ങൾക്ക് ഊർജം പകരൽ, പുരാവസ്തു പഠനത്തെ പ്രോത്സാഹിപ്പിക്കൽ, കൃഷി ശാസ്ത്രത്തിൽ കോഴ്സുകൾ ആരംഭിക്കൽ തുടങ്ങി സവിശേഷമായ നിരവധി ശ്രമങ്ങൾക്കു തുടക്കം കുറിച്ചു. കായികം, അധ്യാപക പരിശീലനം, വിദ്യാർഥിക്ഷേമം തുടങ്ങിയ മേഖലകളിലേക്കും അദ്ദേഹം ശ്രദ്ധ ആകർഷിച്ചു. വിദ്യാർഥികളിലും പൂർവവിദ്യാർഥികളിലും അഭിമാനബോധം വളർത്തുന്നതിനായി, ജനുവരി 24 സർവകലാശാലയുടെ സ്ഥാപക ദിനമായി ആചരിക്കുന്ന രീതിക്ക് അദ്ദേഹം തുടക്കമിട്ടു. സർവകലാശാലയ്ക്കായി ഗാനം രചിക്കാൻ ഗുരുദേവ് ടാഗോറിനോടാണ് അദ്ദേഹം അഭ്യർഥിച്ചത്.

അദ്ദേഹത്തിന്റെ ഈ മനോഭാവത്തിന്റെ മറ്റൊരുദാഹരണം ജീവിതത്തിന്റെ പിൽക്കാലത്തു ഭാരതീയ ജനസംഘം രൂപീകരിക്കാൻ തീരുമാനിച്ച സമയത്തു കാണാൻ കഴിയും. കോൺഗ്രസ് പാർട്ടി സർവവ്യാപിയായിരുന്ന കാലഘട്ടത്തിൽ, നമ്മുടെ സാംസ്കാരിക വേരുകളോടു ചേർന്നു നിൽക്കുന്നതോടൊപ്പം ഇന്ത്യയുടെ പുരോഗതിക്കായി സംസാരിക്കാൻ ബദൽ ശബ്ദം ഉയരേണ്ടത് ഏറെ അനിവാര്യമാണെന്ന് അദ്ദേഹത്തിനു തോന്നി. പാർട്ടിയുടെ ചിഹ്നം മൺവിളക്കായ ‘ദിയ’ ആയതു തികച്ചും അനുയോജ്യമായിരുന്നു. ഒരൊറ്റ വിളക്കു ചെറുതാണെന്ന് തോന്നാമെങ്കിലും, അതിനു ചുറ്റുമുള്ള ഇരുളിനെ അകറ്റാനുള്ള വലിയ ശേഷി അതിനുണ്ട്. ജനസംഘം സജീവമായിരുന്ന കാലത്തും അതിനു ശേഷവും ചെയ്തതും അതുതന്നെയാണ്.



ഇന്ത്യയുടെ ആദ്യത്തെ വ്യവസായ-വിതരണ മന്ത്രിയെന്ന നിലയിലുള്ള ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ കാലാവധി, വികസനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് എത്രത്തോളം സമഗ്രവും മാനുഷികവുമായിരുന്നുവെന്നു വെളിപ്പെടുത്തുന്നതായിരുന്നു. പുതുതായി സ്വാതന്ത്ര്യം നേടിയ രാഷ്ട്രത്തിന് അന്തസ്സും അവസരങ്ങളും ആത്മവിശ്വാസവും തിരികെ നൽകാനുള്ള മാർഗമായാണ് അദ്ദേഹം വ്യവസായത്തെ വീക്ഷിച്ചത്. സമ്പത്തു സൃഷ്ടിക്കുന്നതിനെയും മൂല്യവർധനയെയും അദ്ദേഹം ബഹുമാനിച്ചു. ദാമോദർ വാലി കോർപ്പറേഷൻ, സിന്ദ്രി രാസവളം പ്ലാന്റ്, കരുത്തുറ്റ വ്യവസായ നയം തുടങ്ങിയ വഴികാട്ടിയായ ഉദ്യമങ്ങളിലൂടെ ആധുനിക വ്യവസായ ഇന്ത്യയുടെ അടിത്തറയിടുമ്പോൾ തന്നെ, ഇന്ത്യയുടെ പരമ്പരാഗതശേഷികൾ അവഗണിക്കപ്പെടുന്നില്ലെന്ന് അദ്ദേഹം ഉറപ്പാക്കി. കൈത്തറി, കുടിൽ വ്യവസായങ്ങൾ, കരകൗശല വിദഗ്ദ്ധർ, വസ്ത്രവ്യാപാര തൊഴിലാളികൾ എന്നിവർക്കെല്ലാം ഒരുപോലെ പ്രതിജ്ഞാബദ്ധനായ സംരക്ഷകനെയാണ് അദ്ദേഹത്തിലൂടെ ലഭിച്ചത്.

ഇവിടെ, വ്യക്തിപരമായ അനുഭവം പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.



പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ

സ്വയംപര്യാപ്തതയെക്കുറിച്ചുള്ള വ്യക്തമായ ദർശനത്തോടെ ഡോ. മുഖർജി സ്ഥാപിക്കാൻ പരിശ്രമിച്ച സിന്ദ്രി പ്ലാന്റ്, പതിറ്റാണ്ടുകളായി രാജ്യം ഭരിച്ചവർ അവഗണിക്കുകയാണുണ്ടായത്. അതിന്റെ പുനരുജ്ജീവനത്തിൽ സംഭാവന നൽകാൻ ഞങ്ങളുടെ ഗവണ്മെന്റിന് അവസരം ലഭിച്ചതിൽ എനിക്ക് ഏറെ സന്തോഷം തോന്നുന്നു. ആ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞതു തീർച്ചയായും ഏറ്റവും സവിശേഷമായ നിമിഷങ്ങളിൽ ഒന്നായിരുന്നു.

ഇന്ത്യയുടെ നാഗരിക പാരമ്പര്യം സംവാദങ്ങളെയും ചർച്ചകളെയും പണ്ടുമുതലേ ആഘോഷമാക്കിയിട്ടുള്ളതാണ്. ഡോ. മുഖർജി ഈ ജനാധിപത്യ മനോഭാവം ഉൾക്കൊണ്ട വ്യക്തിയായിരുന്നു. ആദ്യകാലങ്ങളിലെ രാഷ്ട്രനിർമാണ ദൗത്യം രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്ക് അതീതമാണെന്നു വിശ്വസിച്ച അദ്ദേഹം പണ്ഡിറ്റ് നെഹ്റുവിന്റെ മന്ത്രിസഭയിൽ ചേർന്നു. ആത്മാർഥതയോടും ക്രിയാത്മകമായ ചിന്താഗതിയോടും കൂടി അദ്ദേഹം സേവനമനുഷ്ഠിച്ചു. എന്നാൽ, ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ വ്യത്യസ്തമായ പാത ആവശ്യമാണെന്നു തോന്നിയപ്പോൾ, അദ്ദേഹം അന്തസ്സോടെ പദവി ഒഴിഞ്ഞു; രാജ്യം ആവശ്യപ്പെടുന്നു എന്ന് അദ്ദേഹം വിശ്വസിച്ച രാഷ്ട്രീയ പ്രവർത്തനങ്ങൾക്കായി പൂർണഹൃദയത്തോടെ സ്വയം സമർപ്പിച്ചു.

75 വർഷം മുൻപ്, പണ്ഡിറ്റ് നെഹ്റു കൊണ്ടുവന്ന ഒന്നാം ഭേദഗതി ആവിഷ്കാര സ്വാതന്ത്ര്യത്തിന്മേലുള്ള നേരിട്ടുള്ള കടന്നുകയറ്റമായിരുന്നു. ഡോ. മുഖർജി അതിന്റെ ഏറ്റവും കരുത്തുറ്റ വിമർശകരിൽ ഒരാളായിരുന്നു. കോൺഗ്രസിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം പൂർണമായി മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ ആ ധാരണ ശരിയാണെന്നു തെളിയുകയും ചെയ്തു. 75 വർഷം മുൻപ് ഒന്നാം ഭേദഗതി കൊണ്ടുവന്നവർ തന്നെയാണ് 1975-ൽ അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ചതും, 50 വർഷങ്ങൾക്കു മുൻപ് ഉദാര ജനാധിപത്യമൂല്യങ്ങളുടെ അന്തസ്സത്തയെ വീണ്ടും തകിടം മറിച്ച 42-ാം ഭേദഗതി നിയമം കൊണ്ടുവന്നതും.

ഡോ. മുഖർജി അദ്ദേഹത്തിന്റെ മാനുഷിക പരിഗണനകളാലുള്ള പ്രവർത്തനങ്ങളിലും ഏറെ ശ്രദ്ധേയനായിരുന്നു. 1943-ൽ ബംഗാളിൽ അതിദാരുണമായ ക്ഷാമമുണ്ടായപ്പോൾ, ദുരിതബാധിതരെ സേവിക്കുന്നതിനായി ഡോ. മുഖർജി പൂർണമായും മുഴുകി. ജനങ്ങൾക്കു ഭക്ഷണം നൽകുന്നതിനായി നിരവധി ഭക്ഷണ വിതരണകേന്ദ്രങ്ങളും ദുരിതാശ്വാസ കേന്ദ്രങ്ങളും തുറക്കുന്നുവെന്ന് അദ്ദേഹം ഉറപ്പാക്കി. ഒരുവശത്ത്, സ്വന്തം ജനങ്ങളുടെ ദുരവസ്ഥ അദ്ദേഹത്തെ ആഴത്തിൽ ഉലച്ചപ്പോൾ, മറുവശത്ത് കൊളോണിയൽ ഭരണാധികാരികളുടെ അനാസ്ഥയോട് അദ്ദേഹത്തിനു കടുത്ത വിമുഖത തോന്നി. ആത്മസംഘർഷങ്ങൾ പ്രകടിപ്പിച്ച്, 'പഞ്ചാഷേർ മന്വന്തർ' എന്ന പുസ്തകവും അദ്ദേഹം എഴുതുകയുണ്ടായി. 1942-ൽ മേദിനിപുരിൽ അതിശക്തമായ ചുഴലിക്കാറ്റ് ആഞ്ഞടിച്ചപ്പോൾ, ജനജീവിതം സാധാരണ നിലയിലാക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ ഏറെ പ്രശംസ പിടിച്ചുപറ്റി.

കൊൽക്കത്തയിലെ കോളേജിൽ സംസാരിക്കവെ ഡോ. മുഖർജി യുവാക്കളോട് ആഹ്വാനം ചെയ്തത് ഇങ്ങനെയാണ്: "നിങ്ങൾ ഏതു ജോലി ഏറ്റെടുത്താലും അതു ഗൗരവത്തോടെയും പൂർണതയോടെയും ഭംഗിയായും ചെയ്യുക; അത് ഒരിക്കലും പകുതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്യാതിരിക്കുകയോ അരുത്. നിങ്ങളുടെ ഏറ്റവും മികച്ച സംഭാവന നൽകിയെന്ന് ഉറപ്പാകുന്നതുവരെ നിങ്ങൾക്ക് ഒരിക്കലും സംതൃപ്തി തോന്നരുത്." വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്കു രാജ്യം മുന്നേറുമ്പോൾ, അദ്ദേഹം അത്രമേൽ ആഴത്തിൽ വിശ്വസിച്ചിരുന്ന കരുത്തുറ്റതും അവിഭാജ്യവും ആത്മവിശ്വാസമുള്ളതും കരുണയുള്ളതുമായ ഇന്ത്യ കെട്ടിപ്പടുക്കാൻ ഓരോ ദിവസവും പരിശ്രമിക്കുക എന്നതാണു നമുക്ക് അദ്ദേഹത്തിനു നൽകാവുന്ന ഏറ്റവും മികച്ച ശ്രദ്ധാഞ്ജലി. ഇന്നത്തെ യുവാക്കളെ എനിക്കറിയാം; അവർ ഈ അവസരത്തിനൊത്തുയർന്നു കൃത്യമായി അതു ചെയ്യുമെന്ന് എനിക്കു പൂർണ വിശ്വാസമുണ്ട്.





# രാജ്യത്തിന്റെ ഭക്ഷ്യ ഭദ്രത സ്വന്തം ജീവിത ദൗത്യമാക്കിയ വ്യക്തി

*ചില വ്യക്തികളുടെ സംഭാവനകൾ പ്രത്യേക കാലഘട്ടത്തിലോ പ്രദേശത്തോ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. പ്രൊഫസർ എം എസ് സ്വാമിനാഥൻ ഭാരതാംബയുടെ അത്തരത്തിലുള്ള മഹാനായ ശാസ്ത്രജ്ഞനും സമർപ്പിത പുത്രനുമായിരുന്നു. ശാസ്ത്രത്തെ പൊതുസേവനത്തിനുള്ള സങ്കേതമാക്കിയ അദ്ദേഹം, രാജ്യത്തിന്റെ ഭക്ഷ്യഭദ്രത ഉറപ്പാക്കുകയെന്ന ദൗത്യത്തിനായി സ്വജീവിതം മാറ്റിവച്ചു. വരും നൂറ്റാണ്ടുകളിലും ഇന്ത്യയുടെ നയങ്ങളെയും മുൻഗണനകളെയും വഴിനടത്തുന്ന ബോധത്തിന് അദ്ദേഹം തിരിതെളിച്ചു.*

**ജനനം: 1925 ഓഗസ്റ്റ് 7 | മരണം: 2023 സെപ്റ്റംബർ 28**

രണ്ടാം ലോകമഹായുദ്ധകാലത്ത് 1943-ൽ ബംഗാളിൽ വീശിയടിച്ച അതിരൂക്ഷമായ ക്ഷാമം, രാജ്യത്തെ കൊടിയ ഭക്ഷ്യക്ഷാമത്തിലേക്കു തള്ളിവിട്ടു. ഈ സാഹചര്യം ഒരു യുവാവിനെ ആഴത്തിൽ ചിന്തിപ്പിച്ചു; രാജ്യം ഇനി ഒരിക്കലും ഭക്ഷ്യ ദൗർലഭ്യം നേരിടരുതെന്ന് അദ്ദേഹം നിശ്ചയിച്ചു. ഈ നിശ്ചയദാർഢ്യത്താൽ പ്രചോദിതനായി അദ്ദേഹം കാർഷിക പഠനത്തിലേക്കു തിരിഞ്ഞു. ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ മുൻഗാമി എന്നു വിശേഷിപ്പിക്കപ്പെടുന്ന എം എസ് സ്വാമിനാഥൻ അല്ലാതെ മറ്റാരുമായിരുന്നില്ല ആ യുവാവ്. 1960-കളിലും 1970-കളിലും ഗോതമ്പ്, നെല്ല് എന്നിവയുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും വർധിപ്പിക്കാൻ നടത്തിയ ചരിത്രപരമായ പ്രവർത്തനങ്ങളിലൂടെ ലക്ഷക്കണക്കിനു ജനങ്ങളെ പട്ടിണിയിൽനിന്നു രക്ഷിച്ചതു സ്വാമിനാഥനാണ്. തന്നെയുമല്ല, ഭക്ഷ്യധാന്യങ്ങളിൽ ഇന്ത്യയെ സ്വയംപര്യാപ്തമാക്കാനുള്ള മുന്നേറ്റത്തിനു നേതൃത്വം നൽകുമ്പോൾത്തന്നെ, അമിതമായ രാസവസ്തുക്കളുടെ ഉപയോഗവും ഏകവിള കൃഷിയും ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചു കർഷകർക്കിടയിൽ നിരന്തരം അവബോധം വളർത്താനും ഡോ. സ്വാമിനാഥൻ ശ്രദ്ധിച്ചു.

1925 ഓഗസ്റ്റ് 7-നു തമിഴ്നാട്ടിലെ കുംഭകോണത്തു ജനിച്ച സ്വാമിനാഥന്റെ പൂർണനാമം ഡോ. മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ എന്നായിരുന്നു. 1988-ൽ അദ്ദേഹം എം എസ് സ്വാമിനാഥൻ ഗവേഷണ ഫൗണ്ടേഷൻ സ്ഥാപിച്ചു. കൂടാതെ, മികവോടെയും നൂതനാശയങ്ങളോടെയും സർഗാത്മകതയോടെയും പ്രൊഫസർ സ്വാമിനാഥൻ ഇന്ത്യയിൽ നിരവധി പ്രമുഖ പദവികൾ വഹിച്ചു. 2004-ൽ ദേശീയ കർഷക കമ്മീഷന്റെ അധ്യക്ഷനായി നിയമിതനായതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്ന്. അഖിലേന്ത്യ കാർഷിക ഗവേഷണ സർവീസ് (ARS) രൂപീകരിക്കുന്നതിലും പ്രൊഫസർ സ്വാമിനാഥൻ നിർണായക പങ്കുവഹിച്ചു.

വാർധക്യത്തിലും സ്വാമിനാഥൻ കാർഷിക മേഖലയിലെ ഗവേഷണങ്ങളിലും സഹകരണങ്ങളിലും സജീവമായി തുടർന്നു. എഴുത്തുകളിലൂടെയും പൊതു പ്രസംഗങ്ങളിലൂടെയും നിരവധി വേദികളിലും സമ്മേളനങ്ങളിലും പങ്കെടുത്തും, ഗ്രാമീണ വികസനം, ഭക്ഷ്യഭദ്രത, സുസ്ഥിര കൃഷി എന്നിവയെക്കുറിച്ചുള്ള ചർച്ചകളിൽ അദ്ദേഹം നിരന്തരം സംഭാവനകൾ നൽകിപ്പോന്നു. കാർഷിക വികസനം, ഗവേഷണം, നയ രൂപീകരണ പിന്തുണ എന്നിവയ്ക്കായി സമർപ്പിതമായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും പ്രൊഫസർ സ്വാമിനാഥൻ നിർണായക പങ്കുവഹിച്ചു. 2023 സെപ്റ്റംബർ 28-ന് 98-ാം വയസ്സിലാണ് എം എസ് സ്വാമിനാഥൻ അന്തരിച്ചത്. നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള സ്വാമിനാഥനു ഭാരതരത്നം നൽകുന്ന കാര്യം 2024-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണു പ്രഖ്യാപിച്ചത്. പ്രതിസന്ധി ഘട്ടങ്ങളിൽ കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഇന്ത്യയെ സഹായിക്കുന്നതിൽ സ്വാമിനാഥൻ നിർണായക പങ്കുവഹിച്ചുവെന്നും ഇന്ത്യൻ കൃഷിയെ ആധുനികവൽക്കരിക്കാൻ ഉന്നതമായ ശ്രമങ്ങൾ നടത്തിയെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു. ഡോ. സ്വാമിനാഥന്റെ ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വം ഇന്ത്യൻ കൃഷിയെ രൂപാന്തരപ്പെടുത്തുക മാത്രമല്ല, രാജ്യത്തിന്റെ ഭക്ഷ്യഭദ്രതയും സമൃദ്ധിയും ഉറപ്പാക്കുകയും ചെയ്തു. എനിക്ക് അടുത്തറിയാവുന്ന വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കാഴ്ചപ്പാടും ആശയങ്ങളും എല്ലായ്പോഴും മൂല്യമുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു.



# 'രാഷ്ട്രം ആദ്യം' എന്ന നിശ്ചയദാർഢ്യത്താൽ ശാക്തീകരിക്കപ്പെടുന്ന പുതിയ ഇന്ത്യ

*ഈ ഓഗസ്റ്റ് 15–നു രാജ്യം 80–ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ, ഓരോ ഇന്ത്യക്കാരന്റെയും ഹൃദയത്തിൽ കരുത്തുറ്റ നിശ്ചയദാർഢ്യം അലയടിക്കുന്നുണ്ട്: സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി വേളയിൽ 'വികസിത ഇന്ത്യ' സാക്ഷാത്കരിക്കുക എന്നത്. സ്വാതന്ത്ര്യദിനം എന്നതു ചടങ്ങു മാത്രമല്ല; അതു സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുകയും പരമോന്നത ത്യാഗം സഹിക്കുകയും സ്വപ്നങ്ങളിലെ ഇന്ത്യക്കായി ജീവിതം സമർപ്പിക്കുകയും ചെയ്ത മഹദ്വ്യക്തികൾക്കുള്ള ആദരം കൂടിയാണ്. കഴിഞ്ഞ 12 വർഷത്തിനിടയിൽ, സ്വാതന്ത്ര്യത്തിന്റെ ഈ ആഘോഷം വികസനത്തിന്റെ ഉത്സവമായി മാറിയിരിക്കുന്നു. വികസ്വര രാജ്യങ്ങൾക്കിടയിലല്ല, മറിച്ച് 2047–ലെ ശതാബ്ദി വർഷത്തോടെ വികസിത രാജ്യങ്ങളുടെ നിരയിൽ ഇന്ത്യ അഭിമാനത്തോടെ നിലകൊള്ളുന്നതിനായി, കരുത്തുറ്റ അടിത്തറ കെട്ടിപ്പടുത്ത് കേന്ദ്ര ഗവൺമെന്റ് ഇന്ത്യയുടെ പുനർനിർമാണത്തെ പുതിയ പാതയിലേക്കു നയിച്ചു.*

ചെങ്കോട്ടയുടെ കൊത്തളത്തിൽ ത്രിവർണ പതാക ഉയർത്തുന്നത്, സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ജീവൻ വെടിഞ്ഞ പുരുഷന്മാരും സ്ത്രീകളുമായ അമരരായ സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള ആദരമാണ്. ഭരണഘടനയിലൂടെ ഓരോ ഇന്ത്യക്കാരനും മൗലികാവകാശങ്ങളും രാജ്യത്തെക്കുറിച്ചു അഭിമാനം കൊള്ളാനുള്ള കരുത്തും നൽകിയ ഭരണഘടനാ നിർമാണസഭയിലെ വിശിഷ്ടാംഗങ്ങളെ ആദരിക്കുന്നതിനുള്ള അവസരം കൂടിയാണിത്. നമ്മുടെ മനോഹരമായ ഭൂതകാലത്തെ നെഞ്ചിലേറ്റാനും, സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർഥം ഗ്രഹിക്കാനും, കഴിഞ്ഞ എട്ടു പതിറ്റാണ്ടുകളായി രാജ്യം സഞ്ചരിച്ച പാതയെക്കുറിച്ചു ചിന്തിക്കാനും, വരും വർഷങ്ങളിൽ സ്വതന്ത്ര രാഷ്ട്രമെന്ന നിലയിൽ നമ്മുടെ പ്രവർത്തന ഗതി നിർണയിക്കാനുമുള്ള ആത്മപരിശോധനയുടെ നിമിഷമാണിത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാക്കുകളിൽ, "ഇന്ത്യയെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടിൽ സഹിഷ്ണുത മാത്രമല്ല ഉള്ളത്; അത് ആശയങ്ങളുടെ വൈവിധ്യത്തെ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുന്നു"



"ഇതിന്റെ അടിസ്ഥാന തത്ത്വങ്ങൾ സത്യം, സമാധാനം, അഹിംസ എന്നിവയിൽ അധിഷ്ഠിതമാണ്. വർഗം, ജാതി, മതം എന്നിവയുടെ സ്വാധീനമില്ലാതെ, എല്ലാ പൗരന്മാർക്കും നീതിയുടെ ചക്രം തുല്യമായി തിരിയുന്ന ഇന്ത്യക്കായി ഞാൻ പ്രതിജ്ഞാബദ്ധനാണ്.

'ഈ ദർശനത്താൽ നയിക്കപ്പെട്ടും, സമൃദ്ധമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കാനും, ജനങ്ങളെ ശാക്തീകരിക്കാനും, വ്യാപകമായ ജനപങ്കാളിത്തം വളർത്താനും, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുമുള്ള ദൃഢനിശ്ചയത്താൽ പ്രചോദിതമായും കേന്ദ്രഗവണ്മെന്റ് ദീർഘകാല വീക്ഷണത്തോടെ മുന്നോട്ട് നീങ്ങുകയാണ്.

2014 എന്ന വർഷം പൊതുജനമനോഭാവത്തിൽ മാറ്റത്തിന് മാത്രമല്ല, പല പുതിയ പാരമ്പര്യങ്ങളുടെയും ആവിർഭാവത്തിനും സാക്ഷ്യം വഹിച്ചു. കേന്ദ്ര ബജറ്റ് അവതരണം ഒരു മാസം മുന്നോട്ട് നീട്ടിക്കൊണ്ടും, 'ഗിവ് ഇറ്റ് അപ്പ്' പോലുള്ള ജനകീയ പ്രസ്ഥാനങ്ങൾക്ക് അടിത്തറപാകിക്കൊണ്ടും പ്രധാനമന്ത്രി മോദി സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്നതിനുള്ള പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചു. 2014-ലെ തന്റെ ആദ്യ പ്രസംഗത്തിൽ തന്നെ, ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് ശുചിത്വത്തിന്റെയും ഓരോ വീട്ടിലും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന്റെയും ആവശ്യകതയെ അദ്ദേഹം ഉയർത്തിക്കാട്ടുകയും, അവയെ ശക്തമായ ജനകീയ പ്രസ്ഥാനങ്ങളാക്കി മാറ്റുകയും ചെയ്തു. മെയ്ക്ക് ഇൻ ഇന്ത്യ' എന്ന ആഹ്വാനം ഉയർന്നുവന്നതും ഇതേ വേദിയിൽ നിന്നാണ്-പിന്നീട് നിർമ്മാണ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് 'മേക്ക് ഇൻ ഇന്ത്യ 2.0' ആയി ഇത് വിപുലീകരിച്ചു. പാവപ്പെട്ടവരെ സാമ്പത്തിക മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി 'പ്രധാനമന്ത്രി ജൻ-ധൻ യോജന' ആരംഭിച്ചു, കൂടാതെ 'ജൻ-ധൻ-ആധാർ-മൊബൈൽ' ത്രിത്വം ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം സാധ്യമാക്കി സദ്ഭരണത്തിന് വഴിയൊരുക്കി.

2015-ലെ സ്വാതന്ത്ര്യദിന പ്രസംഗത്തിലാണ് 'സ്റ്റാർട്ടപ്പ് ഇന്ത്യ', 'സ്റ്റാൻഡ്അപ്പ് ഇന്ത്യ' എന്നിവ പ്രഖ്യാപിച്ചത്; ഇന്ന്, 2.25 ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകളോടെ, ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഇന്ത്യ ഉയർന്നുവന്നിരിക്കുന്നു. 2016-ൽ ആരംഭിച്ച 'പ്രധാൻമന്ത്രി ഉജ്ജ്വല യോജന' ഏതാണ്ട് 11 കോടി കുടുംബങ്ങൾക്ക് പുകയില്ലാത്ത അടുക്കളകൾ നൽകി. സ്വാതന്ത്ര്യം ലഭിച്ച് 70 വർഷത്തിനു ശേഷവും ഇരുട്ടിൽ കഴിഞ്ഞിരുന്ന 18,000 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുകയും, 4 കോടിയിലധികം വീടുകൾ നിർമ്മിച്ച് പ്രധാനമന്ത്രിയുടെ 'എല്ലാവർക്കും ഭവനം' എന്ന ദർശനം യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നു. താഴ്ന്ന തസ്തികകളിലെ നിയമനങ്ങൾക്കുള്ള അഭിമുഖങ്ങൾ ഒഴിവാക്കുമെന്ന് 2015-ൽ പ്രഖ്യാപിച്ചു.

സ്വാതന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ടുകൾക്ക് ശേഷവും മൂന്ന് കോടി ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് വെള്ള കണക്ഷൻ ഉണ്ടായിരുന്നത്, വലിയൊരു ജനവിഭാഗം മലിനജലം മൂലമുണ്ടാകുന്ന രോഗങ്ങളുടെ ദുരിതം അനുഭവിക്കുകയായിരുന്നു. ഈ വെല്ലുവിളി പരിഹരിക്കുന്നതിനായി, ഓരോ വീട്ടിലും പൈപ്പ് വെള്ളം എത്തിക്കുന്നതിനായി 2019 ഓഗസ്റ്റ് 15-ന് ചെങ്കോട്ടയിൽ നിന്ന് എടുത്ത പ്രതിജ്ഞ ഇപ്പോൾ യാഥാർത്ഥ്യമാവുകയാണ്. കൂടാതെ, 2047 ഓടെ ഇന്ത്യയെ ഊർജ്ജസ്വയംപര്യാപ്തതയുള്ള രാജ്യമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2021 ഓഗസ്റ്റ് 15-ന് ഇതേ ചരിത്രപ്രസിദ്ധമായ കൊത്തളങ്ങളിൽ നിന്ന് 'ദേശീയ ഹൈഡ്രജൻ ദൗത്യം' പ്രഖ്യാപിച്ചു. ചെങ്കോട്ടയിൽ നിന്ന് പ്രഖ്യാപിക്കപ്പെടുകയും, 'നവഭാരത' പുനർനിർമ്മാണത്തിന്റെ അടിസ്ഥാനശിലകളായി മാറുകയും ചെയ്ത പദ്ധതികളുടെ പട്ടിക തീർച്ചയായും വളരെ വലുതാണ്.

ഈ വർഷം തീർച്ചയായും ഇന്ത്യക്ക് അഭിമാനകരമായ ഒന്നാണ്. അധികാരമേറ്റെടുത്തപ്പോൾ, പ്രധാനമന്ത്രി മോദി ഒരു വ്യക്തമായ ആഹ്വാനം നൽകിയിരുന്നു: 'നമ്മുടെ രാജ്യത്തിലും സഹപൗരന്മാരിലും നമുക്ക് വിശ്വാസമർപ്പിക്കാം, മികച്ച നേതാക്കളുടെ ത്യാഗങ്ങളെ ആദരിച്ചുകൊണ്ട്-അവർ കാണിച്ചുതന്ന പാതയിലൂടെ നമുക്ക് മുന്നോട്ട് പോകാം. 'രാഷ്ട്രം ആദ്യം' എന്ന മന്ത്രത്തോടെ രാഷ്ട്രനിർമ്മാണത്തിന്റെ ദൗത്യത്തിനായി നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.'

80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്, കഴിഞ്ഞ 12 വർഷത്തെ 80 പ്രധാന നേട്ടങ്ങൾ നമുക്ക് പരിശോധിക്കാം- 'നവഭാരതത്തിന്' ഒരു പുതിയ ദിശയും വേഗതയും നൽകിയതും അടുത്ത 20 വർഷത്തെ വികസന യാത്രയ്ക്ക് ശക്തമായ അടിത്തറയിടുകയും ചെയ്ത നേട്ടങ്ങൾ....

# 1 ജനാധിപത്യം, സദ്ഭരണം, ചരിത്രപരമായ തീരുമാനങ്ങൾ

*സ്വാതന്ത്ര്യദിനം വെറുമൊരു ആഘോഷ ദിവസം എന്നതിലുപരിയായി മാറിയിരിക്കുന്നു; അത് രാഷ്ട്രത്തിന്റെ വികസന യാത്രയെ അടയാളപ്പെടുത്തുന്ന ഉത്സവമായും പ്രതിജ്ഞയായും മാറിയിരിക്കുന്നു.*



**1** ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന അനുച്ഛേദം 370, 35 എ (35A) എന്നിവ റദ്ദാക്കൽ (2019 ഓഗസ്റ്റ് 5); ഇന്ത്യൻ ഭരണഘടനയുടെ പൂർണ്ണമായ നടപ്പാക്കൽ; ജമ്മു കശ്മീരിലും ലഡാഖിലും പുരോഗതിയുടെയും സമൃദ്ധിയുടെയും സമാധാനത്തിന്റെയും ഒരു പുതിയ യുഗത്തിന്റെ ഉദയം.



**2 അമൃത് മഹോത്സവം**

ഏകദേശം **2.25** ലക്ഷം

ചെറുതും വലുതുമായ ഏകദേശം 2.25 ലക്ഷം പരിപാടികൾ സംഘടിപ്പിച്ചു. ശരാശരി, ഈ പരമ്പരയിൽ ഓരോ മണിക്കൂറിലും 9-10 പരിപാടികൾ വീതം നടന്നു. ഗവൺമെന്റിനെ മാത്രമല്ല, സമൂഹത്തെ ഒന്നാകെ പങ്കാളികളാക്കിയ സമീപനത്തെ പ്രതിഫലിപ്പിക്കുന്ന അപൂർവ്വ സമീപനമായി ഇത് നിലകൊള്ളുന്നു.

**3**

സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്താനുള്ള അവകാശം നൽകൽ; ഗസറ്റഡ് അല്ലാത്ത ഗ്രൂപ്പ് സി, ഡി തസ്തികകളിലേക്കുള്ള അഭിമുഖങ്ങൾ ഒഴിവാക്കൽ.



**4**

'മുത്തലാഖ്' സമ്പ്രദായം നിർത്തലാക്കുന്നതിനുള്ള ബിൽ 2019 ഓഗസ്റ്റ് 1-ന് പ്രാബല്യത്തിൽ വന്നു; ഈ രീതിയിലുള്ള വിവാഹമോചന സംഭവങ്ങളിൽ 82 ശതമാനത്തിലധികം കുറവുണ്ടായി.

**82%**

**5**

## നാരീശക്തി വന്ദൻ അധിനിയം

- നിയമനിർമ്മാണ സഭകളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പായി 2023 സെപ്റ്റംബറിൽ പാർലമെന്റ് 'നാരീശക്തി വന്ദൻ അധിനിയം' പാസാക്കി.
- ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റുകൾ സംവരണം ചെയ്യുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.





## 6

2023-ലെ ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ 2023 ഡിസംബർ 25-ന് ഇന്ത്യാ ഗസറ്റിൽ വിജ്ഞാപനം ചെയ്തു. ഭാരതീയ ന്യായ സംഹിത പ്രകാരം (2024 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ), 2026 ജൂൺ ആയപ്പോഴേക്കും 75 ലക്ഷം എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും ഏകദേശം 60 ലക്ഷം കേസുകളിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തു; ലൈംഗികാതിക്രമ കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിന്റെ നിരക്ക് 2018-നെ അപേക്ഷിച്ച് ഇരട്ടിയിലധികമായി വർദ്ധിച്ചു.




## 7

2017-ൽ ജി.എസ്.ടി നടപ്പിലാക്കിയതോടെ 'ഒരു രാജ്യം, ഒരു നികുതി' എന്ന സംവിധാനം നിലവിൽ വന്നു. ജി.എസ്.ടി നികുതിദായകരുടെ എണ്ണം 2017-ലെ 66.5 ലക്ഷത്തിൽ നിന്ന് 2026 മേയ് മാസത്തോടെ 1.65 കോടിയായി ഉയർന്നു. ജി.എസ്.ടി സമാഹരണം റെക്കോർഡ് ഉയരങ്ങളിലെത്തുകയാണ്. ജി.എസ്.ടി 2.0 ഉപഭോക്താക്കളുടെ സമ്പാദ്യത്തിന്റെ വ്യാപ്തി കൂടുതൽ വിപുലീകരിച്ചു.

## 8

### ചരിത്രപരമായ തീരുമാനങ്ങളും ഉദ്യമങ്ങളും


പരീക്ഷാ പേ ചർച്ച


ദേശീയ യുദ്ധ സ്മാരകം


പ്രധാൻമന്ത്രി സംഗ്രഹാലയ


ഏകതാ പ്രതിമ


ഒരു രാജ്യം ഒരു റേഷൻ കാർഡ്

## 9

നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം (DBT) വഴി 2026 ജൂൺ വരെ

**176**

കോടി ഗുണഭോക്താക്കൾക്ക് 51 ലക്ഷം കോടി രൂപയിലധികം കൈമാറി. സബ്സിഡി വിതരണത്തിൽ സുതാര്യത കൊണ്ടുവന്നതിലൂടെ ഇടനിലക്കാരുടെ പങ്ക് ഇല്ലാതാക്കി.



# 2 സമ്പദ്‌വ്യവസ്ഥയും സാമ്പത്തിക ഉൾച്ചേർക്കലും

*ഇന്ത്യ അതിന്റെ സാമ്പത്തിക വളർച്ചാ നിരക്കിൽ റെക്കോർഡ് കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിക്കുകയും, ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായി മാറുകയും ചെയ്തു. ഈ സമഗ്രമായ വളർച്ചയുടെ ആനുകൂല്യങ്ങൾ സാധാരണക്കാരിലേക്ക് നേരിട്ടെത്തുകയും, എല്ലാവർക്കും സുരക്ഷാവലയം തീർക്കുകയും ചെയ്യുന്നു.*

## 10



**58.63+**

കോടി ബാങ്ക് അക്കൗണ്ടുകൾ ജൻ ധൻ യോജനയ്ക്ക് കീഴിൽ ആരംഭിച്ചു; 2026 ജൂലൈ 1 ആയപ്പോഴേക്കും ഈ അക്കൗണ്ടുകളിലെ ആകെ നിക്ഷേപം 3.08 ലക്ഷം കോടി രൂപയായിരുന്നു.


## 11



**യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (UPI) ഇടപാടുകളുടെ എണ്ണം 2016-17 സാമ്പത്തിക വർഷത്തിലെ വെറും 2 കോടിയിൽ നിന്ന്, 2025-26 സാമ്പത്തിക വർഷത്തിൽ 24,162 കോടിയിലധികമായി വർദ്ധിച്ചു.** യു.പി.ഐയുടെ ആഗോള വ്യാപനം ഇപ്പോൾ ഒമ്പത് രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു. ഡിജിറ്റൽ പേയ്മെന്റ് വിപ്ലവം തന്നെ നടന്നിരിക്കുന്നു, കൂടാതെ തത്സമയ പേയ്മെന്റ് സംവിധാനങ്ങളിൽ ഇന്ത്യ ആഗോള നേതാവായി ഉയർന്നുവരികയും ചെയ്തു.

## 12

**2.41**



2014-ൽ ഏകദേശം 350 ആയിരുന്ന അംഗീകൃത സ്റ്റാർട്ടപ്പുകളുടെ എണ്ണം 2026 ആയപ്പോഴേക്കും **2.41** ലക്ഷമായി ഉയർന്നു. യൂണിക്കോണുകളുടെ എണ്ണം 125-ൽ എത്തിനിൽക്കുന്നു. ഇന്ത്യയിലെ സ്റ്റാർട്ടപ്പ് ഏകദേശം ഏകദേശം 25 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, രാജ്യം ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയായി മാറുകയും ചെയ്തു.

## 13



2014-ൽ വെറും 18,000 കോടി രൂപയായിരുന്ന മൊബൈൽ ഫോൺ നിർമ്മാണം 2026 ആയപ്പോഴേക്കും

**5.5**

ലക്ഷം കോടി രൂപയായി ഉയർന്നു. 2014-ൽ വെറും 1,600 കോടി രൂപയായിരുന്ന മൊബൈൽ ഫോൺ കയറ്റുമതി 2026-ൽ 2.6 ലക്ഷം കോടി രൂപയിൽ എത്തിനിൽക്കുന്നു.

## 14

ഉല്പാദന ബന്ധിത പ്രോത്സാഹന പദ്ധതിക്കായി

**1.91**

ലക്ഷം കോടി രൂപയുടെ ബജറ്റ് വകയിരുത്തി. 2025 ഡിസംബറോടെ, 14 വ്യവസായ മേഖലകളിലായി 836 അപേക്ഷകൾക്ക് അംഗീകാരം നൽകി. 2025 ഡിസംബർ 31 വരെ 28,748 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു.





15

മുദ്ര യോജനയ്ക്ക് കീഴിൽ സംരംഭകർക്ക്

**57**

കോടി വായ്പകൾ നൽകി, ആകെ 40.7 ലക്ഷം കോടി രൂപ വിതരണം ചെയ്തു.



16

2026 മാർച്ചോടെ അംഗീകരിച്ച പരിഹാര പദ്ധതികളിലൂടെ വായ്പാദാതാക്കൾ

**4.32**

ലക്ഷം കോടി രൂപ വീണ്ടെടുത്തു. ഈ വീണ്ടെടുക്കൽ ലിക്വിഡേഷൻ മൂല്യത്തിന്റെ 116.85 ശതമാനത്തെയും ന്യായമൂല്യത്തിന്റെ 94.56 ശതമാനത്തെയും മറികടന്നു.



17

2026 ജനുവരി 16 വരെയുള്ള കണക്കനുസരിച്ച് വിദേശനാണയ ശേഖരം

**701.4**

ബില്യൺ ഡോളറായി ഉയർന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 7.7% വളർച്ചാ നിരക്ക് രേഖപ്പെടുത്തിക്കൊണ്ട് ഇന്ത്യ ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി തുടർന്നു.



18

## സാമൂഹ്യ സുരക്ഷാ പദ്ധതികൾ

പ്രധാൻമന്ത്രി സുരക്ഷാ ഭീമാ യോജന, പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമാ യോജന, അടൽ പെൻഷൻ യോജന എന്നിവ 94.56 കോടി ഗുണഭോക്താക്കൾക്ക് സാമൂഹിക സുരക്ഷാ പരിരക്ഷ നൽകി.

# 3 ശാസ്ത്രം, സാങ്കേതികവിദ്യ, ബഹിരാകാശം

*ശാസ്ത്രവും സാങ്കേതികവിദ്യയും ഡിജിറ്റൽ വിപ്ലവവും വികസനത്തെ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളിലേക്ക് നേരിട്ടെത്തിച്ചപ്പോൾ, ഈ പുരോഗതി ആഗോളതലത്തിൽ ഇന്ത്യയ്ക്ക് ഒരു പുതിയ സ്വത്വം കൂടി നേടിക്കൊടുത്തു.*



**19**

2026 മാർച്ച് അവസാനത്തോടെ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം

**106.58**


കോടിയിലെത്തി. 'അവസാന മൈൽ'ഡിജിറ്റൽ കണക്റ്റിവിറ്റി കൂടുതൽ ശക്തിപ്പെടുത്തി.

**20**

ഡിജിറ്റൽ ലോക്കർ വഴി

**950**

കോടിയിലധികം ഡിജിറ്റൽ രേഖകൾ ലഭ്യമാക്കി. ഇപ്പോൾ, അവശ്യ രേഖകൾ നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും എവിടെയും ലഭ്യമാണ്-ഒരു ക്ലിക്കിലൂടെ, കടലാസ് ജോലികളുടെ ബുദ്ധിമുട്ടുകളൊന്നുമില്ലാതെ ഇവ ലഭ്യമാക്കാം.



- പെൻഷൻകാർക്കായി 'ജീവൻ പ്രമാൺ' (ലൈഫ് സർട്ടിഫിക്കേഷൻ) ഓൺലൈൻ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

**21**



ഡിജിറ്റൽ വാണിജ്യത്തിനായുള്ള ഓപ്പൺ നെറ്റ്‌വർക്ക് ചെറുകിട വ്യാപാരികൾക്ക് വൻകിട ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾക്ക് സമാനമായ ഡിജിറ്റൽ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.



**22**

2014-ൽ 83,000 ആയിരുന്ന പൊതു സേവന കേന്ദ്രങ്ങൾ 2026 ഏപ്രിലോടെ

**5.01+**

ലക്ഷത്തിലധികം കേന്ദ്രങ്ങളായി പ്രവർത്തനം വിപുലീകരിച്ചു. ഇത് പൗരന്മാർക്കുള്ള ഡിജിറ്റൽ ലഭ്യതയും സേവന വിതരണവും കൂടുതൽ മെച്ചപ്പെടുത്തി.



**23**

'മംഗൾയാൻ' ദൗത്യത്തിലൂടെ ഇന്ത്യ ബഹിരാകാശ മേഖലയിൽ ചരിത്രം കുറിച്ചു. 2014 സെപ്റ്റംബർ 24-ന് ബഹിരാകാശ പേടകം ചൊവ്വയുടെ ഭ്രമണപഥത്തിൽ പ്രവേശിച്ചതോടെ ആദ്യ ശ്രമത്തിൽ തന്നെ ചൊവ്വയിലെത്തുന്ന ലോകത്തിലെ ആദ്യത്തെ രാജ്യമായി ഇന്ത്യ മാറി.



24

**ചന്ദ്രയാൻ-3 ദൗത്യ**ത്തിലൂടെ, 2023 ഓഗസ്റ്റ് 23-ന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ വിജയകരമായി ഇറങ്ങുന്ന ലോകത്തിലെ ആദ്യത്തെ രാജ്യമായി ഇന്ത്യ മാറി. **ചന്ദ്രയാൻ-3 ലാൻഡർ** ഇറങ്ങിയ സ്ഥലം 'ശിവശക്തി' എന്ന് നാമകരണം ചെയ്യപ്പെട്ടു. കൂടാതെ, എല്ലാ വർഷവും ഓഗസ്റ്റ് 23 'ദേശീയ ബഹിരാകാശ ദിന'മായി ആചരിക്കാനും തീരുമാനിച്ചു.



27


2025 ജൂലൈയിൽ, ഇന്ത്യ-യുഎസ് സഹകരണത്തോടെ ലോകത്തിലെ ഏറ്റവും അത്യാധുനിക ഭൗമനിരീക്ഷണ റഡാർ ഉപഗ്രഹമായ **നൈസാർ** വിജയകരമായി വിക്ഷേപിച്ചു.

25




ആദിത്യ-L1 ദൗത്യത്തിലൂടെ, സൂര്യനെക്കുറിച്ച് പഠിക്കുന്നതിനുള്ള ഇന്ത്യയുടെ ആദ്യത്തെ പ്രത്യേക ബഹിരാകാശ പേടകം 2023 സെപ്റ്റംബർ 2-ന് വിക്ഷേപിച്ചു.

28



സ്പെഡെക്സ് ദൗത്യത്തിലൂടെ, ബഹിരാകാശ ഡോക്കിംഗ് സാങ്കേതികവിദ്യ സ്വായത്തമാക്കിയ ലോകത്തിലെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി.




29

രാജ്യത്തിന്റെ കമ്പ്യൂട്ടിംഗ് ശേഷി 38,000 ജി.പിയു.വിന് മുകളിലെത്തിയിട്ടുണ്ട്; ദേശീയ നിർമ്മിതബുദ്ധി ദൗത്യത്തിന് കീഴിൽ 20,000 ജി.പിയു.കൾ കൂടി പുതുതായി കൂട്ടിച്ചേർക്കുന്നുണ്ട്. ഇത് നിർമ്മിതബുദ്ധി എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാക്കാനും ചെലവ് കുറഞ്ഞതാക്കാനും സഹായിക്കും.

26



**പ്രധാന നേട്ടം:** ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ചരിത്രപരമായ 18 ദിവസത്തെ ശാസ്ത്രീയ ദൗത്യം പൂർത്തിയാക്കി. ഇതോടെ 'ആക്സിയം-04' ദൗത്യം വിജയകരമായി പൂർത്തിയായി. 2025 ജൂൺ 25-ന് സ്പേസ് എക്സ് ഡ്രാഗൺ ബഹിരാകാശ പേടകത്തിലാണ് ഈ ദൗത്യം വിക്ഷേപിച്ചിരുന്നത്.

30

- 2026 ഡിസംബറോടെ അഞ്ച് സെമികണ്ടക്ടർ പ്ലാന്റുകൾ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു; അവയിൽ മൂന്നെണ്ണത്തിൽ വാണിജ്യ ഉൽപ്പാദനം ഇതിനകം ആരംഭിച്ചുകഴിഞ്ഞു, ഇത് സെമികണ്ടക്ടറുകളുടെ ഒരു പുതിയ യുഗത്തിലേക്കുള്ള ഇന്ത്യയുടെ പ്രവേശനത്തെ അടയാളപ്പെടുത്തുന്നു.
- രാജ്യത്തുടനീളം പന്ത്രണ്ട് സെമികണ്ടക്ടർ യൂണിറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു, 24 ഡീപ്-ടെക് ചിപ്പ് ഡിസൈൻ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു, 70,000-ത്തിലധികം യുവാക്കൾക്ക് ചിപ്പ് ഡിസൈനിൽ പരിശീലനം നൽകി.



# 4 പ്രതിരോധവും ദേശീയ സുരക്ഷയും

*പുതിയ യുഗത്തിൽ ഇന്ത്യ പ്രതിരോധ മേഖലയിലും സുരക്ഷാരംഗത്തും സ്വയംപര്യാപ്തതയുടെ പുതിയ ചരിത്രം രചിക്കുകയാണ്. ഭീകരവാദമായാലും നക്സലിസമായാലും, ശക്തമായ നടപടിയെന്നത് ഇന്ത്യയുടെ പുതിയ നയമായി മാറിയിരിക്കുന്നു.*

## 31

**തദ്ദേശീയമായി നിർമ്മിച്ച തേജസ് യുദ്ധവിമാനങ്ങൾ**

- തദ്ദേശീയമായി നിർമ്മിച്ച തേജസ് യുദ്ധവിമാനങ്ങൾക്ക് 2019 ഫെബ്രുവരിയിൽ അന്തിമ പ്രവർത്തന അനുമതി ലഭിച്ചു, കൂടാതെ അത്തരം 83 വിമാനങ്ങൾ വാങ്ങാൻ ഇന്ത്യൻ വ്യോമസേന അംഗീകാരം നൽകി.




## 32

**പ്രതിരോധ ബജറ്റ്**

- ഏകദേശം 8 ലക്ഷം കോടി രൂപയുടെ പ്രതിരോധ ബജറ്റ് (2026-27)
- 2013-14 നെ അപേക്ഷിച്ച് മൂന്നിരട്ടി വർദ്ധന.

**പ്രതിരോധ കയറ്റുമതി**




**ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലിന്റെ കയറ്റുമതി**

ഇന്ത്യൻ പ്രതിരോധ ഉൽപ്പന്നങ്ങൾ 80-ലധികം രാജ്യങ്ങളിലേക്ക് എത്തുന്നുണ്ട്, ഇതിൽ ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലിന്റെ കയറ്റുമതി നിർണ്ണായക പങ്ക് വഹിക്കുന്നു.



## 33

2016-ലെ സർജിക്കൽ സ്ട്രൈക്കിലൂടെയും 2019-ലെ ബാലാകോട്ട് വ്യോമാക്രമണങ്ങളിലൂടെയും അതിർത്തി കടന്നുള്ള ഭീകരവാദ കേന്ദ്രങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു.



## 34

**ഓപ്പറേഷൻ സിന്ദൂർ (2025)**

- 9 ഭീകര ക്യാമ്പുകൾ തകർത്തു; 100-ലധികം ഭീകരരെ വധിച്ചു.
- 11 സൈനിക ലക്ഷ്യങ്ങളിൽ കൃത്യതയാർന്ന ആക്രമണം.
- പാകിസ്ഥാൻ വ്യോമസേനയുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് 20% നാശനഷ്ടം.

## 35



ഐഎൻഎസ് വിക്രാന്ത്

- ഐ.എൻ.എസ് വിക്രാന്ത് 76% തദ്ദേശീയ സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിച്ച ഇന്ത്യയുടെ ആദ്യത്തെ സ്വദേശി വിമാനവാഹിനിക്കപ്പലാണ്.
- 2022 സെപ്റ്റംബർ 2 ന് കമ്മീഷൻ ചെയ്ത ഈ കപ്പൽ ഏകദേശം 30,000 ടൺ ഉരുക്ക് ഉപയോഗിച്ചാണ് നിർമ്മിച്ചത്.

**2,200**
കമ്പാർട്ടുമെന്റുകളുള്ള ഒരു ഫ്ലോട്ടിംഗ് സിറ്റി

## 36

### അഗ്നിപഥ് പദ്ധതി

- 2022 ജൂണിൽ ആരംഭിച്ച അഗ്നിപഥ് പദ്ധതിക്ക് കീഴിൽ, 2025-ന്റെ തുടക്കത്തോടെ ഏകദേശം 1.5 ലക്ഷം 'അഗ്നിവീരരെ' സേനയുടെ ഭാഗമാക്കി.
- മുൻ അഗ്നിവീർക്ക് സെൻട്രൽ ആംഡ് പോലീസ് ഫോഴ്സുകളിലേക്കും (CAPFs) അസം റൈഫിൾസിലേക്കുമുള്ള റിക്രൂട്ട്മെന്റിൽ 10% സംവരണവും പ്രായപരിധിയിൽ ഇളവും നൽകുന്നു.



## 37

### നക്സലിസം

- 2026 ഏപ്രിലിൽ രാജ്യം നക്സലിസത്തിൽ നിന്ന് മോചിതമായി; പഴയ 'റെഡ് കോറിഡോർ' ഇപ്പോൾ ദ്രുതഗതിയിലുള്ള വികസനത്തിലൂടെ പരിവർത്തനം ചെയ്യപ്പെടുകയാണ്.





80-ാം സ്വാതന്ത്ര്യദിന പതിപ്പ്
കവർ സ്റ്റോറി

# 5 ആരോഗ്യവും ക്ഷേമവും

*ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി മുതൽ ആരോഗ്യ രേഖകളുടെ ഡിജിറ്റലൈസേഷൻ വരെ, ഇന്ത്യാ ഗവൺമെന്റ് എല്ലാ മേഖലകളിലും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇത് ആരോഗ്യപരിപാലനം കൂടുതൽ പ്രാപ്യമാക്കി....*




**38**

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയ്ക്ക് (പി.എം-ജെ.എ.വൈ) കീഴിൽ

**44**

കോടിയിലധികം ആയുഷ്മാൻ കാർഡുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; 11 കോടിയിലധികം ആളുകൾക്ക് സൗജന്യ ചികിത്സ ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വഴി ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് കവറേജ് ലഭ്യമാക്കുന്നു.



**39**

രാജ്യവ്യാപകമായി നടന്ന പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞത്തിലൂടെ കോവിഡ്-19 വാക്സിന്റെ

**220**

കോടി ഡോസുകൾ വിതരണം ചെയ്തു. കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ ഇന്ത്യ ആഗോളതലത്തിൽ 30 കോടി വാക്സിൻ ഡോസുകൾ വിതരണം ചെയ്തു.

**40**



**19,200**

ജൻ ഔഷധി കേന്ദ്രങ്ങൾ വഴി ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ, മറ്റ് ആരോഗ്യ സംബന്ധിയായ ഉൽപ്പന്നങ്ങൾ (1 രൂപ മാത്രം വിലയുള്ള സാനിറ്ററി നാപ്കിനുകൾ ഉൾപ്പെടെ) ബ്രാൻഡഡ് മരുന്നുകളേക്കാൾ 50% മുതൽ 90% വരെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നു.

**41**



**സ്വച്ഛ് ഭാരത് മിഷന്റെ** ഭാഗമായി

**12.11**

കോടിയിലധികം വീടുകളിൽ ശൗചാലയങ്ങൾ

നിർമ്മിക്കുകയും, ഗ്രാമീണ ശുചിത്വ കവറേജ് 2014-ലെ 39%-ൽ നിന്ന് 100%- ആയി ഉയർത്തുകയും ചെയ്തു.

**42**





ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന് കീഴിൽ

**93.51**

കോടിയിലധികം എ.ബി.എച്ച്.എ (ABHA) കാർഡുകൾ സൃഷ്ടിച്ചു. ഡിജിറ്റൽ ആരോഗ്യ രേഖകളുടെ രൂപീകരണം രോഗികൾക്കും ഡോക്ടർമാർക്കും കാര്യങ്ങൾ കൂടുതൽ എളുപ്പമുള്ളതാക്കി മാറ്റി.

**43**



2014-ൽ 51,000 ആയിരുന്ന എം.ബി.ബി.എസ് സീറ്റുകൾ 1.28 ലക്ഷത്തിലധികമായി വർദ്ധിച്ചു. ഇതേ കാലയളവിൽ മെഡിക്കൽ പി.ജി സീറ്റുകളുടെ എണ്ണം 31,000-ൽ നിന്ന് 85,000-ത്തിലധികമായും മെഡിക്കൽ കോളേജുകളുടെ എണ്ണം 842-ൽ നിന്ന് 2,100-ലധികമായും ഉയർന്നു.

# 6 അടിസ്ഥാന സൗകര്യങ്ങളും കണക്റ്റിവിറ്റിയും

*ഇന്ത്യയിൽ പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ ഇനി തടസ്സപ്പെടുകയോ വൈകുകയോ വഴിതിരിഞ്ഞുപോവുകയോ ഇല്ല. കഴിഞ്ഞ 12 വർഷത്തിനിടെ പശ്ചാത്തലസൗകര്യ വികസനത്തിനായുള്ള ബജറ്റ് വിഹിതം ആറിരട്ടിയായി വർദ്ധിച്ചതോടെ, അനേകം പദ്ധതികൾക്ക് അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിക്കുകയും രാജ്യത്തിന്റെ അഭിമാനം ഉയർത്തുകയും ജനങ്ങളുടെ ജീവിതം കൂടുതൽ എളുപ്പമാക്കുകയും ചെയ്തു...*



**44**

- 26 നഗരങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 1,155 കിലോമീറ്റർ നീളമുള്ള മെട്രോ റെയിൽ ശൃംഖല.
- 95 വിമാനത്താവളങ്ങൾ, ഹെലിപോർട്ടുകൾ, വാട്ടർ ഏറോഡ്രോമുകൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് 663 ഉഡാൻ റൂട്ടുകളിൽ വിമാന സർവീസുകൾ നടപ്പിലാക്കി.
- ഇത് ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ മെട്രോ റെയിൽ ശൃംഖലയാണ്, അതേസമയം ഉഡാൻ പദ്ധതി താങ്ങാനാവുന്ന ചെലവിൽ വിമാനയാത്ര സാധ്യമാക്കുകയും ചെയ്തു.



**45**

- 164 വന്ദേ ഭാരത് ട്രെയിനുകൾ റെയിൽ യാത്രയ്ക്ക് പുതിയ ആക്കം നൽകി. യാത്രകൾ കൂടുതൽ സുഗമവും വേഗമേറിയതുമാക്കി.
- 2025-26 സാമ്പത്തിക വർഷത്തിൽ 4 കോടി ആളുകൾ വന്ദേ ഭാരതിൽ യാത്ര ചെയ്തു; ഇന്ത്യയിൽ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ആദ്യത്തെ അർധ അതിവേഗ ട്രെയിനായ വന്ദേ ഭാരത് 2019 ഫെബ്രുവരിയിലാണ് ന്യൂഡൽഹി-വാരാണസി റൂട്ടിൽ സർവീസ് ആരംഭിച്ചത്.

**46**

- പ്രഗതി പ്ലാറ്റ്ഫോമിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ 85 ലക്ഷം കോടി രൂപയിലധികം രൂപയുടെ പദ്ധതികൾ അവലോകനം ചെയ്തു.



**47**

- പി.എം. ആവാസ് യോജനയ്ക്ക് കീഴിൽ 4 കോടിയിലധികം വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറിക്കൊണ്ട്, സ്വന്തമായി ഒരു വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി.
- 74% വീടുകളും സ്ത്രീകളുടെ പേരിലോ സംയുക്ത ഉടമസ്ഥതയിലോ ആണ് നൽകിയിട്ടുള്ളത്. ഇത് സുരക്ഷിതത്വത്തിന്റെയും അന്തസ്സിന്റെയും സ്വയംപര്യാപ്തതയുടെയും പുതിയൊരു ബോധം വളർത്തുന്നു.






**48**

**ഏകദേശം 5.35 ലക്ഷം കോടി രൂപ ചെലവിൽ 34,800 കിലോമീറ്റർ ദൈർഘ്യംവരുന്ന ഭാരത് മാല പരിയോജനയുടെ ഒന്നാം ഘട്ടത്തിന് അംഗീകാരം ലഭിച്ചു.**

- 26,425 കിലോമീറ്റർ ദൈർഘ്യംവരുന്ന പദ്ധതികൾക്ക് കരാർ നൽകുകയും, 22,223 കിലോമീറ്റർ ദൂരത്തിലെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. രാജ്യത്തെ പ്രവേശന നിയന്ത്രിത അതിവേഗ ഇടനാഴിയുടെ ദൈർഘ്യം 2014-ലെ 93 കിലോമീറ്ററിൽ നിന്ന് 3,644 കിലോമീറ്ററായി വർദ്ധിച്ചു.




**49**

- അടൽ ടണൽ പോലുള്ള തന്ത്രപ്രധാനവും ദുർഘടവുമായ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന തുരങ്കങ്ങളുടെ നിർമ്മാണം സാധാരണ ജനങ്ങളുമായുള്ള കണക്റ്റിവിറ്റിയെ ശക്തിപ്പെടുത്തി.
- 9.02 കിലോമീറ്റർ നീളമുള്ള അടൽ ടണൽ റോഹ്താങ് ചുരത്തെ ഉയർന്ന പ്രദേശത്തിലൂടെ മറികടക്കുന്നതിന് വഴിയൊരുക്കി.
- സമുദ്രനിരപ്പിൽ നിന്ന് 8,650 അടിയിലധികം ഉയരത്തിലാണ് 12 കിലോമീറ്റർ ദൈർഘ്യമുള്ള സോൻമാർഗ് തുരങ്കം നിർമ്മിച്ചിരിക്കുന്നത്.

# 7 കൃഷിയും ഗ്രാമവികസനവും

*കൃഷിയും ഗ്രാമീണ വികസനവുമാണ് രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുടെ അടിസ്ഥാനശില. കൃഷിയുടെ ആധുനികവൽക്കരണം, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയ്ക്കാണ് ഗവണ്മെന്റ് മുൻഗണന നൽകുന്നത്...*



## 50 പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി യോജന

2019-ൽ പദ്ധതി ആരംഭിച്ചതിനുശേഷം

**4.46**

ലക്ഷം കോടി രൂപയിലധികം തുക വിതരണം ചെയ്തു കഴിഞ്ഞു

- ഈ പദ്ധതി പ്രകാരം 9.44 കോടിയിലധികം കർഷകർക്ക് ഗഡുക്കളായി സാമ്പത്തിക സഹായം ലഭിച്ചു; ഇതിൽ 2.18 കോടി പേർ സ്ത്രീ കർഷകരാണ്.

## 51 പ്രധാൻ മന്ത്രി ഫസൽ ബീമ യോജന

പിഎം ഫസൽ ബീമ യോജനയിലൂടെ **4** കോടിയിലധികം കർഷകർക്ക് പ്രയോജനം ലഭിച്ചു.

- 2016-നും 2025-നും ഇടയിൽ ഏകദേശം 2 ലക്ഷം കോടി രൂപയുടെ ക്ലെയിമുകൾ നൽകി.



## 52 സോയിൽ ഹെൽത്ത് കാർഡ് പദ്ധതി

- മണ്ണ് ആരോഗ്യ പരിപാലനത്തിന് കീഴിൽ, 2025-26 ൽ 97.53 ലക്ഷം മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും 92.87 ലക്ഷം സാമ്പിളുകൾ പരിശോധിക്കുകയും ചെയ്തു.
- സമീകൃത പോഷക പരിപാലനത്തെ നയിക്കുന്നതിനായി 2015 മുതൽ ഏകദേശം 26 കോടി സോയിൽ ഹെൽത്ത് കാർഡുകൾ നൽകിയിട്ടുണ്ട്.




## 53 കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി

- 2024-25 ൽ കാർഷിക, അനുബന്ധ ഉൽപ്പന്നങ്ങളുടെ ആകെ കയറ്റുമതി 51.9 ബില്യൺ യു.എസ്. ഡോളറിലെത്തി.
- കാർഷിക കയറ്റുമതിയിൽ സംസ്കരിച്ച ഭക്ഷ്യോൽപ്പന്നങ്ങളുടെ വിഹിതം 2014-15 ൽ 13.7 ശതമാനമായിരുന്നത് 2024-25 ൽ 20.4 ശതമാനമായി ഉയർന്നു.




## 54 പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന

- പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന-III 2025 മാർച്ചിനു ശേഷവും 2028 മാർച്ച് വരെ തുടരാൻ അനുമതി നൽകി.
- 12 വർഷത്തിനുള്ളിൽ 4.06 ലക്ഷം കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമ്മിച്ചു; 99% ഗ്രാമങ്ങളും ടാർ ചെയ്ത റോഡുകളാൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.






# 8 വിദ്യാഭ്യാസവും നൈപുണ്യ വികസനവും

*മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം പുതിയ വിദ്യാഭ്യാസ നയം നടപ്പിലാക്കിയത് ഉന്നത വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ സഹായകമായി. നൈപുണ്യ വികസന സംരംഭങ്ങൾ യുവാക്കൾക്ക് പുതിയ വഴികൾ തുറന്നുകൊടുത്തു, അവർ ഇപ്പോൾ വികസിത ഇന്ത്യയുടെ പ്രേരകശക്തിയായി മാറുകയാണ്...*



## 55

മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം, പുതിയ ദേശീയ വിദ്യാഭ്യാസ നയം (NEP 2020) പുറത്തിറക്കി. വിദ്യാഭ്യാസ സമ്പ്രദായത്തെ ബഹുമുഖവും, വഴക്കമുള്ളതും, നൈപുണ്യ അധിഷ്ഠിതവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**170** സർവകലാശാലകൾ നാഷണൽ ക്രെഡിറ്റ് ഫ്രെയിംവർക്ക് അംഗീകരിച്ചു.

**2,469** സ്ഥാപനങ്ങൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സിൽ പങ്കാളികളായി.

**32+** കോടിയിലധികം സ്റ്റുഡന്റ് ഐഡികൾ വിതരണം ചെയ്തു.

## 56



**6+ കോടി** ആളുകൾക്ക് പിഎംകെവിവൈ, ജെഎസ്എസ്, എൻഎപിഎസ്, സിടിഎസ് തുടങ്ങിയ നൈപുണ്യ വികസന സംരംഭങ്ങളിലൂടെ പരിശീലനം നൽകി.

ഐ.ടി.ഐ.കളുടെ എണ്ണം ഏകദേശം

**15,000**

ആയി ഉയർന്നു, 15 ലക്ഷത്തോളം വിദ്യാർത്ഥികൾ പ്രവേശനം നേടി; തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനത്തിലൂടെ യുവാക്കളെ സ്വയംപര്യാപ്തരാക്കി മാറ്റുന്നു.

## 57

- 135 ഭാഷകളിലായി 3.66 ലക്ഷത്തിലധികം ഇ-ഉള്ളടക്ക ഉറവിടങ്ങൾ ദിക്ഷയിൽ ലഭ്യമാണ്. സ്വയം പ്രഭ, പിഎം ഇ-വിദ്യ, റേഡിയോ തുടങ്ങിയ ഡിജിറ്റൽ വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകൾ വിദൂര പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള പഠന സഹായികൾ എത്തിച്ചു.

**6.1** കോടിയിലധികം പേർ ഡിജിറ്റൽ SWAYAM പ്ലാറ്റ്ഫോമിൽ ചേർന്നു.



18,580

## 58




- എയിംസുകളുടെ എണ്ണം 23 ആയി ഉയർന്നു (2014-ൽ വെറും 7 സീറ്റുകൾ മാത്രമായിരുന്നു); എംബിബിഎസ് സീറ്റുകൾ 1.29 ലക്ഷവും മെഡിക്കൽ പിജി സീറ്റുകൾ ഏകദേശം 86,000 ഉം ആയി.
- 23 ഐ.ഐ.ടി.കൾ , 22 ഐ.ഐ.എം.കൾ, 25 ഐ.ഐ.ഐ.ടി.കൾ എന്നിവയുൾപ്പെടെ രാജ്യത്തുടനീളം സ്ഥാപനങ്ങളും ക്യാമ്പസുകളും സ്ഥാപിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തി.
- പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തി.

## 59

**13,092**

പിഎം ശ്രീ സ്കൂൾ പദ്ധതിക്ക് കീഴിൽ എൻഇപി 2020-ന്റെ 21 ഘടകങ്ങൾ ഉൾപ്പെടുത്തി 13,092 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി തിരഞ്ഞെടുത്തു.


499 ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഇപ്പോൾ 1.56 ലക്ഷം വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. അതേസമയം, അടൽ ടിങ്കറിംഗ് ലാബുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു കോടി വിദ്യാർത്ഥികൾ നൂതനാശയങ്ങളിലും ഗവേഷണത്തിലും ഏർപ്പെട്ടിരിക്കുന്നു.

# 9 സ്ത്രീ ശാക്തീകരണം

*രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീ സമൂഹത്തെ ശാക്തീകരിക്കുകയും സ്വയംപര്യാപ്തരാക്കുകയും ചെയ്യാതെ വികസിത രാഷ്ട്രത്തെക്കുറിച്ച് സങ്കൽപ്പിക്കുക അസാധ്യമാണ്. അതുകൊണ്ടു തന്നെയാണ് സ്ത്രീകളുടെ സമഗ്ര വികസനം ഗവൺമെന്റിന്റെ ഒരു പ്രഥമ പരിഗണനയായി തുടരുന്നത്...*

## 60






- കുട്ടികളുടെ ലിംഗാനുപാതത്തിലെ കുറവും വ്യാപകമായ ലിംഗവിവേചനവും ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ 2015 ജനുവരി 22-ന് 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' പദ്ധതിക്ക് തുടക്കം കുറിച്ചു.
- ദേശീയ തലത്തിൽ, ജനനസമയത്തെ ലിംഗാനുപാതം 2014-15 ലെ 918-ൽ നിന്ന് 2024-25 ൽ 929 ആയി ഉയർന്നു.

## 62

### മുദ്ര യോജന, സ്റ്റാൻഡ്-അപ്പ് ഇന്ത്യ തുടങ്ങിയ പദ്ധതികൾ



**68%** മുദ്ര യോജന ഗുണഭോക്താക്കളും സ്ത്രീകളാണ്. ഇത് അവർക്ക് എളുപ്പത്തിൽ വായ്പ ലഭ്യമാക്കുന്നതിനും അവരുടെ സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും സഹായകമായി.

- വീട്ടിലിരുന്ന് ചെയ്യുന്ന ചെറുകിട പ്രവർത്തനങ്ങളിൽ നിന്ന് പൂർണതോതിലുള്ള സംരംഭങ്ങളിലേക്ക് വളരാൻ മുദ്ര പദ്ധതി സ്ത്രീകൾക്ക് ആത്മവിശ്വാസം നൽകി; ഈ പദ്ധതി ഇപ്പോൾ 11 വർഷം പൂർത്തിയാക്കി.
- സ്റ്റാൻഡ്-അപ്പ് ഇന്ത്യ: സ്ത്രീകൾക്ക് 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയുള്ള വായ്പകൾ 7 വർഷം വരെയുള്ള തിരിച്ചടവ് കാലാവധിയോടെ പ്രയോജനപ്പെടുത്താം.
- സ്റ്റാൻഡ്-അപ്പ് ഇന്ത്യ പോർട്ടലിലൂടെ സ്ത്രീകൾക്ക് അപേക്ഷകളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും മെന്റർഷിപ്പും ലഭ്യമാക്കുന്നു.





## 61

### ജൽ ജീവൻ മിഷൻ

**12.65+** കോടിയിലധികം പുതിയ കുടിവെള്ള കണക്ഷനുകൾ 2019 ഓഗസ്റ്റ് 15-ന് പദ്ധതി ആരംഭിച്ചതുമുതൽ 2026 ജൂലൈ 10 വരെയുള്ള കാലയളവിൽ ഗ്രാമീണ കുടുംബങ്ങൾക്ക് നൽകി.

- പദ്ധതി ആരംഭിക്കുമ്പോൾ 3.23 കോടി ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമാണ് ടാപ്പ് കണക്ഷൻ ഉണ്ടായിരുന്നത്.

**15.88+** കോടിയിലധികം കുടുംബങ്ങൾക്ക് നിലവിൽ ടാപ്പ് വഴി കുടിവെള്ളം ലഭിക്കുന്നുണ്ട്; രാജ്യത്താകമാനം 19.35 കോടിയിലധികം ഗ്രാമീണ കുടുംബങ്ങളാണ് ഉള്ളത്.

- സ്വാതന്ത്ര്യദിനത്തിൽ പ്രഖ്യാപിച്ച ഈ ദൗത്യത്തിലൂടെ, സ്ത്രീകൾ വെള്ളം ശേഖരിച്ച് കൊണ്ടുവരുന്നതിനായി ചെലവഴിച്ചിരുന്ന സമയം ലാഭിക്കാൻ കഴിഞ്ഞു; ഈ സമയം സാമ്പത്തിക പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിലൂടെ സ്ത്രീകൾ ശാക്തീകരിക്കപ്പെടുന്നു.

## 63

## സായുധ സേനകളിൽ സ്ത്രീകൾക്ക് സ്ഥിരം കമ്മീഷനും യുദ്ധചുമതലകളും

- നാഷണൽ ഡിഫൻസ് അക്കാദമിയിലേക്കുള്ള വനിതകളുടെ പ്രവേശനത്തിൽ ഗണ്യമായ പുരോഗതി; 2025 മെയ് മാസത്തിൽ 17 വനിതാ കേഡറ്റുകളും, 2025 നവംബറിൽ 15 വനിതാ കേഡറ്റുകളും ബിരുദം നേടി പുറത്തിറങ്ങി.
- ലെഫ്റ്റനന്റ് ജനറൽ, ഫൈറ്റർ പൈലറ്റ്, പ്രധാന യൂണിറ്റുകളുടെ കമാൻഡർ തുടങ്ങിയ പദവികൾ ഉൾപ്പെടെയുള്ള മുതിർന്ന നേതൃത്വ നിരയിലേക്കും ഓപ്പറേഷണൽ കമാൻഡ് ചുമതലകളിലേക്കും വനിതാ ഉദ്യോഗസ്ഥർ ഇപ്പോൾ കടന്നു വരുന്നുണ്ട്.
- വനിതാ ഉദ്യോഗസ്ഥരെ യുദ്ധചുമതലകളിൽ ഉൾപ്പെടുത്തുന്നത് 2015-ൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും, 2022-ൽ അതൊരു സ്ഥിരം സംവിധാനമായി നടപ്പാക്കുകയും ചെയ്തു.

സായുധ സേനയിലെ വനിതാ ഉദ്യോഗസ്ഥരുടെ എണ്ണം ഉയർന്ന് ഏകദേശം

**11,000**-മായി



## 64

## പി.എം ഉജ്ജ്വല യോജന



**11** കോടി

**എൽ.പി.ജി കണക്ഷനുകൾ നൽകി. അടുക്കളകൾ പുക രഹിതമാക്കി മാറ്റി.**

- പാചകത്തിനായി വിറക് ശേഖരിക്കാൻ മുമ്പ് ചെലവഴിച്ചിരുന്ന സമയത്തിൽ നിന്ന്, പ്രതിദിനം 2 മുതൽ 3 മണിക്കൂർ വരെ സമയം ലാഭിക്കാൻ സ്ത്രീകൾക്ക് ഇപ്പോൾ സാധിക്കുന്നു.
- രാജ്യത്തെ എൽ.പി.ജി ലഭ്യത 55.9 ശതമാനത്തിൽ നിന്ന് (2014 ഏപ്രിൽ) 107.2 ശതമാനമായി (2026 ഏപ്രിൽ) ഉയർന്നു.
- ഉപഭോക്താക്കളുടെ എണ്ണം 14.51 കോടിയിൽ (2014 ഏപ്രിൽ) നിന്ന് 33.39 കോടിയായി (2026 ഏപ്രിൽ) വർദ്ധിക്കുകയും, ഉപഭോഗം ഇരട്ടിയാവുകയും ചെയ്തു.

# 10 കായികം

*'ഖേലോ ഇന്ത്യ' സംരംഭം കായിക അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, താഴേത്തട്ടിൽ നിന്നുള്ള കായിക പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒളിമ്പിക്സോ പാരാലിമ്പിക്സോ, ക്രിക്കറ്റോ ഗുസ്തിയോ, പുരുഷ-വനിതാ വിഭാഗങ്ങളോ ആകട്ടെ- എല്ലാ കായിക വേദികളിലും ഇന്ത്യയുടെ പതാക അഭിമാനത്തോടെ ഉയർന്നു പറക്കുകയാണ്...*

## 65

**30,750+** -ലധികം കായികതാരങ്ങൾക്ക് 'ഖേലോ ഇന്ത്യ'യിലൂടെ സഹായം ലഭിച്ചു; രാജ്യത്തെ ആദ്യ ദേശീയ കായിക സർവകലാശാല 2018-ൽ മണിപ്പൂരിലെ ഇംഫാലിൽ സ്ഥാപിതമായി; കൂടാതെ താഴേത്തട്ടിൽ നിന്നുള്ള കായിക പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തു.

- 4.5 ലക്ഷത്തിലധികം സ്കൂളുകൾക്ക് 'ഫിറ്റ് ഇന്ത്യ സ്കൂൾ' പതാക നൽകി ആദരിച്ചു, കൂടാതെ ഏകദേശം 24 കോടി ആളുകൾ 'ഫിറ്റ് ഇന്ത്യ റൺ' പോലുള്ള പരിപാടികളിൽ പങ്കാളികളായി.



## 66

- 2024-ലെ പാരീസ് ഒളിമ്പിക്സിൽ ആറ് കായികതാരങ്ങൾ മെഡലുകൾ കരസ്ഥമാക്കി. 1952 മുതൽ 2012 വരെയുള്ള 60 വർഷങ്ങൾക്കിടയിൽ ഇന്ത്യൻ കായികതാരങ്ങൾ ആകെ 20 ഒളിമ്പിക് മെഡലുകൾ നേടിയപ്പോൾ, 2016-നും 2024-നും ഇടയിൽ മാത്രം 15 മെഡലുകളാണ് നേടിയത്.



- ഏഷ്യൻ ഗെയിംസിൽ 107 മെഡലുകൾ നേടിക്കൊണ്ട് ഇന്ത്യൻ കായികതാരങ്ങൾ റെക്കോർഡ് സൃഷ്ടിച്ചു. കായികരംഗത്ത് ഇന്ത്യൻ താരങ്ങൾ നേടുന്ന മെഡലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ആഗോള കായിക ലോകത്ത് രാജ്യത്തിന് പുതിയ വ്യക്തിമുദ്ര സമ്മാനിച്ചു.

## 67



2025-ൽ ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീം ഐ.സി.സി ചാമ്പ്യൻസ് ട്രോഫി കരസ്ഥമാക്കി, അതേസമയം വനിതാ ക്രിക്കറ്റ് ടീം ആദ്യമായി ലോകകപ്പ് കിരീടം സ്വന്തമാക്കി.





ഇന്ത്യൻ ടീം ഐ.സി.സി പുരുഷ ടി20 ലോകകപ്പ് മൂന്ന് തവണ നേടി (2024, 2026 വർഷങ്ങളിലെ സമീപകാല വിജയങ്ങൾ ഉൾപ്പെടെ), കൂടാതെ കാഴ്ചപരിമിതിയുള്ളവരുടെ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമും ലോകകപ്പ് നേടിക്കൊണ്ട് കായിക ലോകത്ത് ചരിത്രം സൃഷ്ടിച്ചു.



# 11 വിദേശനയവും ആഗോള സ്വത്വവും

*പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ ആഗോള പ്രാധാന്യം ഗണ്യമായി ഉയർന്നിട്ടുണ്ട്. വികസ്വര രാജ്യങ്ങളുടെ ശക്തമായ ശബ്ദമായി ഇന്ത്യ ഉയർന്നുവരുന്നു...*




## 68

### 2023-ലെ വിജയകരമായ ജി-20 അധ്യക്ഷസ്ഥാനം

- 'ഗ്ലോബൽ സൗത്തിന്റെ' ശബ്ദമായി മാറിക്കൊണ്ട് അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ നയതന്ത്ര നിലപാട് ശക്തിപ്പെടുത്തി.
- ന്യൂഡൽഹി നേതാക്കളുടെ പ്രസ്താവനയിൽ ജി-20 നേതാക്കൾ നൂറുശതമാനം സമവായത്തിലെത്തി.

## 69

### അന്താരാഷ്ട്ര യോഗ ദിനം

- ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കാനുള്ള ഐക്യരാഷ്ട്രസഭ പ്രമേയത്തെ 175 രാജ്യങ്ങൾ പിന്തുണച്ചു.
- പശ്ചിമ ബംഗാളിലെ കൊൽക്കത്തയിലുള്ള റെഡ് റോഡിൽ നടന്ന അന്താരാഷ്ട്ര യോഗ ദിന ദേശീയ പരിപാടിക്ക് പ്രധാനമന്ത്രി മോദി നേതൃത്വം നൽകി.
- ഈ അവസരത്തിൽ ലോകമെമ്പാടുമുള്ള 2,500-ലധികം സ്ഥലങ്ങളിൽ യോഗ പരിപാടികൾ സംഘടിപ്പിച്ചു.



## 70

### അന്താരാഷ്ട്ര സൗര സഖ്യം

- അന്താരാഷ്ട്ര സൗര സഖ്യം ഇന്ന് അംഗരാജ്യങ്ങളും ഉടമ്പടിയിൽ ഒപ്പുവെച്ച രാജ്യങ്ങളുമുൾപ്പെടെ മൊത്തം 125 രാജ്യങ്ങളുള്ള ഒരു ആഗോള വേദിയായി ഉയർന്നുവന്നിരിക്കുന്നു.
- 2015-ൽ പാരീസിൽ നടന്ന സി.ഒ.പി 21 കാലാവസ്ഥാ സമ്മേളനത്തിലാണ് ഇന്ത്യയും ഫ്രാൻസും സംയുക്തമായി ഈ സഖ്യത്തിന് രൂപം നൽകിയത്.
- 2030-ഓടെ സൗരോർജ്ജ മേഖലയിൽ 1,000 ബില്യൺ യു.എസ് ഡോളറിലധികം നിക്ഷേപം സമാഹരിക്കാൻ അന്താരാഷ്ട്ര സൗര സഖ്യം ലക്ഷ്യമിടുന്നു.





71

**കോവിഡ് കാലത്തെ 'വാക്സിൻ മൈത്രി'**

'വാക്സിൻ മൈത്രി' പദ്ധതിക്ക് കീഴിൽ, 99 രാജ്യങ്ങളിലായി 300 ദശലക്ഷത്തിലധികം (30 കോടി) കോവിഡ് വാക്സിൻ ഡോസുകൾ വിതരണം ചെയ്തു.

73

**യുക്രൈൻ സംഘർഷം ഉൾപ്പെടെയുള്ള ആഗോള വെല്ലുവിളികൾക്കിടയിലും, സ്വതന്ത്രവും സന്തുലിതവുമായ വിദേശനയം സ്വീകരിച്ചുകൊണ്ട് 'ഇന്ത്യ ആദ്യം' എന്ന സമീപനം ഇന്ത്യ ഉറപ്പിച്ചുനിലനിർത്തി.**






72

## അയൽപക്കം ആദ്യം, ആക്റ്റ് ഈസ്റ്റ് നയങ്ങൾ

- 'അയൽപക്കം ആദ്യം', 'ആക്ട് ഈസ്റ്റ്' എന്നീ നയങ്ങളിലൂടെ പ്രാദേശിക സഹകരണത്തിനും കണക്റ്റിവിറ്റിക്കും പുതിയൊരു ഉണർവ് ലഭിച്ചു.
- ഭൂട്ടാൻ, നേപ്പാൾ, ശ്രീലങ്ക, മാലദ്വീപ്, മ്യാൻമർ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ തുടങ്ങിയ അയൽരാജ്യങ്ങളുമായുള്ള ശക്തമായ ഭൗതിക, ഡിജിറ്റൽ, സാംസ്കാരിക ബന്ധങ്ങൾക്ക് ഈ നയങ്ങൾ മുൻഗണന നൽകുന്നു.
- ഏഷ്യൻ രാജ്യങ്ങളുമായും മറ്റ് അയൽരാജ്യങ്ങളുമായുള്ള തന്ത്രപ്രധാനവും സാമ്പത്തികവുമായ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി.

# 12 പരിസ്ഥിതി, വന്യജീവി സംരക്ഷണം

*ഇന്ത്യ ലോകത്തിന് 'ലൈഫ്' എന്ന മന്ത്രവും അന്താരാഷ്ട്ര സൗരസഖ്യവും സമ്മാനിച്ചു. ആഭ്യന്തരമായി, വനവിസ്തൃതി വികസിപ്പിക്കുന്നതിനും ജൈവവൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളും ഒപ്പം റാംസർ സൈറ്റുകളുടെ വികസനം, വംശനാശം സംഭവിച്ച ചീറ്റകളെ പുനരവതരിപ്പിക്കൽ എന്നിവയും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത കാലാവധിക്ക് മുമ്പേ കൈവരിക്കുന്നതിലേക്ക് നയിച്ചു...*

## 74

ഇന്ത്യയിലെ ചീറ്റകളുടെ എണ്ണം 53 ആയി ഉയർന്നു (33 എണ്ണം രാജ്യത്തിനുള്ളിൽ ജനിച്ചു). ഇത് വംശനാശം സംഭവിച്ച ഒരു ജീവിവർഗത്തിന്റെ തിരിച്ചുവരവിനെ പ്രതീകപ്പെടുത്തുന്നു.



- 1952-ൽ ഇന്ത്യയിൽ ചീറ്റയെ വംശനാശം സംഭവിച്ചതായി പ്രഖ്യാപിച്ചു; 2022 സെപ്റ്റംബറിൽ, ലോകത്തിലാദ്യമായി ഒരു മാംസഭോജിയുടെ ഭൂഖണ്ഡാന്തര സ്ഥലം മാറ്റത്തിന്റെ ഭാഗമായി നമീബിയയിൽ നിന്ന് എട്ട് ചീറ്റകളെ കൊണ്ടുവന്നു.

## 75

- 2026 മാർച്ച് 31 ആയപ്പോഴേക്കും ഇന്ത്യയുടെ ഫോസിൽ ഇതര ഊർജ്ജ ശേഷി 283.46 ജിഗാവാട്ട് ആയി, ഇതിൽ 274.68 ജിഗാവാട്ട് പുനരുപയോഗ ഊർജ്ജ ശേഷിയും 8.78 ജിഗാവാട്ട് ആണവോർജ്ജ ശേഷിയും ഉൾപ്പെടുന്നു.
- ചൈനയ്ക്കും യുഎസ്എയ്ക്കും ശേഷം, പുനരുപയോഗ ഊർജ്ജ ശേഷിയുടെ കാര്യത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ്.

### ദേശീയ ഹരിത ഹൈഡ്രജൻ ദൗത്യം

- പ്രതിവർഷം 8.62 ലക്ഷം ടൺ ഹരിത ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കുന്നതിന് അംഗീകാരം ലഭിച്ചു; സ്റ്റീൽ മേഖലയ്ക്കായി 7 പൈലറ്റ് പദ്ധതികളും ഗതാഗത മേഖലയ്ക്കായി 5 പദ്ധതികളും ആരംഭിച്ചു.
- ഈ ദൗത്യം 8 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കുമെന്നും ആറ് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ഫോസിൽ ഇന്ധന ഇറക്കുമതിയിൽ പ്രതിവർഷം 1 ലക്ഷം കോടി ലാഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.



## 76

- നമാമി ഗംഗെ പരിപാടിയുടെ കീഴിൽ, ഗംഗാ നദിയുടെയും മറ്റ് നദികളുടെയും ശുദ്ധീകരണത്തിനും പുനരുജ്ജീവനത്തിനുമായി 43,031 കോടി രൂപ വിലമതിക്കുന്ന 524 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു; ഇതിൽ 363 പദ്ധതികൾ പൂർത്തിയായി.
- ഇന്ത്യയിലെ റാംസർ സൈറ്റുകളുടെ എണ്ണം 100 ആയി; 2014 ൽ 26 എണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ.
- 'ബ്ലൂ ഫ്ലാഗ്' അംഗീകാരം ലഭിച്ച ബീച്ചുകളുടെ എണ്ണം 18 ആയി ഉയർന്നു; ആദ്യത്തെ 8 ബീച്ചുകൾക്ക് 2020 ൽ തന്നെ ഈ അംഗീകാരം ലഭിച്ചു.



## 77

പരിസ്ഥിതി സൗഹൃദ ജീവിതശൈലിക്കായുള്ള ഒരു ആഗോള പ്രചാരണമായി മിഷൻ ലൈഫ് (പരിസ്ഥിതിക്കായുള്ള ജീവിതശൈലി) പ്രോത്സാഹിപ്പിക്കപ്പെട്ടു; 2022 ൽ യുഎൻ സെക്രട്ടറി ജനറലിന്റെ സാന്നിധ്യത്തിൽ ഇത് ആരംഭിച്ചു.

# 13 സംസ്കാരവും ആത്മീയ പൈതൃകവും

*ഇന്ത്യൻ സംസ്കാരവും ആത്മീയ പാരമ്പര്യവും ലോകത്തിലെ ഏറ്റവും പുരാതന പൈതൃകത്തെ പ്രതിനിധീകരിക്കുന്നു. ഇത് പാരമ്പര്യങ്ങളുടെ ഒരു സമാഹാരം മാത്രമല്ല, മറിച്ച് ഒരു ശാശ്വത ജീവിത കലയാണ്. സത്യം, അഹിംസ, 'വസുധൈവ കുടുംബകം' എന്നീ തത്വശാസ്ത്രങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ട ഈ പൈതൃകം നമ്മുടെ ദേശീയ സ്വത്വത്തിന്റെയും ആഗോള അഭിമാനത്തിന്റെയും അടിത്തറയായി മാറുന്നു...*



## 78


**2025**-ൽ നടന്ന പ്രയാഗ്‌രാജ് മഹാകുംഭത്തിൽ 66 കോടിയിലധികം (660 ദശലക്ഷം) ഭക്തർ പങ്കെടുത്തു.

- ഇത് ലോകത്തിലെ ഏറ്റവും വലിയ മതസമ്മേളനമായി മാറി.
- ഈ സംഖ്യ വടക്കേ അമേരിക്ക, യൂറോപ്യൻ യൂണിയൻ, തെക്കേ അമേരിക്ക എന്നിവയുടെ മൊത്തം ജനസംഖ്യയേക്കാൾ കൂടുതലാണ്.

## 79

- അയോധ്യയിൽ 2024 ജനുവരി 22 ന് നടന്ന മഹാ രാമ ക്ഷേത്രത്തിന്റെ നിർമ്മാണവും സമർപ്പണവും (പ്രാണ പ്രതിഷ്ഠ) കോടിക്കണക്കിന് ഇന്ത്യക്കാരുടെ വിശ്വാസത്തിന് ഒരു പുതിയ മാനം നൽകി.

**16** കോടിയിലധികം (160 ദശലക്ഷം) ഭക്തർ കഴിഞ്ഞ നാല് വർഷത്തിനിടെ ദർശനത്തിനായി അയോധ്യ ശ്രീരാമ മന്ദിർ സന്ദർശിച്ചു.



## 80

- 2021 ഡിസംബർ 13-ന് കാശി വിശ്വനാഥ് ഇടനാഴിയുടെ ഉദ്ഘാടനം.
- ഉജ്ജയ്ൻ മഹാകാൽ ലോക് ഇടനാഴി, കേദാർനാഥ് ധാമിന്റെ പുനർനിർമ്മാണം, സോമനാഥിന്റെ നവീകരണം, ദേരാ ബാബ നാനാക്-കർതാർപൂർ ഇടനാഴി എന്നിവ രാഷ്ട്രത്തിന് സമർപ്പിച്ചു.







# സെമികോൺ 2.0, മൊബൈൽ ഫോൺ നിർമ്മാണ പദ്ധതി എന്നിവ അംഗീകരിച്ചു

*ഇന്ത്യയെ ഒരു ആഗോള നിർമ്മാണ, സാങ്കേതിക കേന്ദ്രമാക്കി മാറ്റാൻ കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ ദിശയിൽ ഒരു സുപ്രധാന ചുവടുവയ്പ്പ് നടത്തി, സെമികണ്ടക്ടർ ദൗത്യം 2.0, മൊബൈൽ ഫോൺ നിർമ്മാണ പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി...*

*മന്ത്രിസഭാ തീരുമാനങ്ങളെ കുറിച്ചുള്ള വാർത്ത സമ്മേളനം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക*

**തീരുമാനം: സെമികണ്ടക്ടർ രൂപകൽപ്പനയും നിർമ്മാണ ആവാസവ്യവസ്ഥയും ശക്തിപ്പെടുത്തുന്നതിന് സെമികോൺ 2.0 –ക്ക് അംഗീകാരം.**

**ഗുണഫലം:** ഇത് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുകയും നിർണായക മേഖലകളിൽ ഇന്ത്യയുടെ സാങ്കേതിക നേതൃശേഷി വർദ്ധിപ്പിക്കുകയും ചെയ്യും.

- സെമികോൺ 2.0 പ്രകാരം, ആറ് പ്രധാന സ്തംഭങ്ങളിലൂടെ സെമികണ്ടക്ടർ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തും. ഈ ദൗത്യത്തിനായി ആകെ 1,27,500 കോടി രൂപയുടെ ബജറ്റ് അനുവദിച്ചിട്ടുണ്ട്.

**തീരുമാനം: ഹൈബ്രിഡ് ആന്വിറ്റി മാതൃകക്ക് കീഴിൽ 10,998.32 കോടി രൂപ ചെലവിൽ ഉത്തർപ്രദേശിലെ വരുണ നദിയുടെ തീരത്ത് 6/4-വരി ഉയരപ്പാത, റാമ്പുകൾ, ലൂപ്പുകൾ എന്നിവയുടെ നിർമ്മാണത്തിന് അംഗീകാരം നൽകി.**

**ഗുണഫലം:** വാരണാസി വികസന പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ഈ ഇടനാഴി. ഇത് NH-31 നും കാശി റെയിൽവേ സ്റ്റേഷനും ഇടയിൽ തടസ്സമില്ലാത്ത ഗതാഗത ബന്ധം നൽകും.

- NH-31 നും കാശി റെയിൽവേ സ്റ്റേഷനും ഇടയിലുള്ള യാത്രാസമയം ഏകദേശം 40 മിനിറ്റിൽ നിന്ന് 20 മിനിറ്റായി കുറയ്ക്കും.
- ഈ പദ്ധതി പ്രാദേശിക ഗതാഗത ബന്ധം ശക്തിപ്പെടുത്തുകയും ആറ് പ്രധാന ചരക്കുകടത്ത് ഹബ്ബുകളിലേക്ക് മികച്ച പ്രവേശനം ഉറപ്പാക്കുകയും ചെയ്യും. ഇടനാഴിയുടെ ആകെ നീളം: 43.218 കിലോമീറ്റർ.

**തീരുമാനം: മൊബൈൽ ഫോൺ നിർമ്മാണ പദ്ധതിക്ക് (എംപിഎംഎസ്) അംഗീകാരം.**

**ഗുണഫലം:** ഈ പദ്ധതിയുടെ കാലാവധി 5 വർഷമാണ്, 2030–31 സാമ്പത്തിക വർഷം വരെ നീണ്ടുനിൽക്കും. ഇതിനായി 62,500 കോടി രൂപയുടെ ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. ഈ കാലയളവിൽ, രാജ്യത്തെ മൊത്തം മൊബൈൽ ഫോൺ ഉൽപ്പാദനം ഏകദേശം 39 ലക്ഷം കോടി രൂപയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം മൊബൈൽ ഫോൺ കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവും ഉണ്ടാകും.

- നേരിട്ടുള്ള 60,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ, ഈ പദ്ധതി സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുകയും ആഗോള ഇലക്ട്രോണിക്സ് നിർമ്മാണ കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുകയും ചെയ്യും.

**തീരുമാനം: ഒഡീഷയിലും ഝാർഖണ്ഡിലുമായി നാല് ജില്ലകളെ ഉൾക്കൊള്ളുന്ന രണ്ട് മൾട്ടി-ട്രാക്കിംഗ് പദ്ധതികൾക്ക് അംഗീകാരം.**

**ഗുണഫലം:** ഒഡീഷ, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലെ നാല് ജില്ലകളെ ഉൾക്കൊള്ളുന്ന രണ്ട് പദ്ധതികൾ ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖലയെ ഏകദേശം 145 കിലോമീറ്റർ കൂടി വർദ്ധിപ്പിക്കും. പദ്ധതികളുടെ ആകെ ചെലവ് ഏകദേശം 3,907 കോടി രൂപയാണ്, അവ 2030-31 ഓടെ പൂർത്തീകരിക്കാൻ പദ്ധതിയിട്ടിരിക്കുന്നു. രണ്ട് മൾട്ടി-ട്രാക്കിംഗ് റെയിൽവേ പദ്ധതികൾ:

- പാരദീപ്-ഹരിദാസ്പൂർ റെയിൽവേ പാത ഇരട്ടിപ്പിക്കൽ.
- രാജ്ഖർസവൻ-ഡങ്കോഅപോസി സെക്ഷനിൽ നാലാമത്തെ റെയിൽവേ പാതയുടെ നിർമ്മാണം.

**തീരുമാനം: ആത്മനിർഭർ ഭാരതിനായി യൂറിയ-2026 നായുള്ള (NIPU-2026) ദേശീയ നിക്ഷേപ നയത്തിന്റെ അംഗീകാരം.**

**ഗുണഫലം:** രാജ്യത്ത് വാതക അധിഷ്ഠിത യൂറിയ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി യൂറിയ മേഖലയിൽ പുതിയ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഈ നയം സഹായിക്കും. ഇത് സ്വാശ്രയത്വം എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കും. NIPU-2026 നയത്തിന് കീഴിൽ, ഏകദേശം 8-9 പുതിയ യൂറിയ നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കും.

**തീരുമാനം: ഗംഗാ നദിയുടെ തീരത്ത് ദേശീയ ഹൈവേ-19, വാരണാസി റിംഗ് റോഡ് എന്നിവ ബന്ധിപ്പിക്കുന്ന ഒരു ലിങ്ക്/കണക്ടർ ഇടനാഴി വാരണാസിയിൽ വികസിപ്പിക്കുന്നതിനുള്ള അംഗീകാരം.**

**ഗുണഫലം:** 46.039 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതിയിൽ ആറ് വരി എലിവേറ്റഡ് പ്രധാന കാരിയേജ്‌വേ, ഒരു സുപ്രധാന കേബിൾ-സ്റ്റേഡ് പാലം, ഒരു എക്സ്ട്രാഡോസ്ഡ് മേജർ മേൽ നടപ്പാലം, ലൂപ്പുകൾ, റാമ്പുകൾ, ലിങ്ക് റോഡുകൾ, സർവീസ് റോഡുകൾ എന്നിവ ഉൾപ്പെടുന്നു. മൊത്തം മൂലധന ചെലവായ 14,447.64 കോടി രൂപയുടെ പദ്ധതി ഹൈബ്രിഡ് ആന്വിറ്റി രീതിയിലാണ് നടപ്പിലാക്കുക.




# ദൃഢനിശ്ചയത്തോടെ ഇന്ത്യ നീങ്ങുന്നത് മുന്നോട്ട്

***രാജസ്ഥാന്റെ മണ്ണ് എണ്ണമറ്റ വീരന്മാരുടെ ധൈര്യത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സർവ്വോപരിയായി ആത്മാഭിമാനം നിലനിർത്താനാണ് ഈ യുദ്ധക്കളത്തിലെ ഓരോ തരിയും നമ്മെ പഠിപ്പിച്ചത്. ഒരു വ്യക്തിയോ രാജ്യമോ ആകട്ടെ, അത് സ്വാശ്രയമാകുമ്പോൾ മാത്രമേ ആത്മാഭിമാനത്തോടെ തുടരാൻ കഴിയൂ. ഇതിന്റെ തുടർച്ചയായി, വികസിതവും സ്വാശ്രയവുമാകുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പ്പ് ഇന്ത്യ നടത്തിയിട്ടുണ്ട്. ജൂലൈ 4 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജസ്ഥാനിലെ ബലോത്രയിൽ വിവിധ വികസന പദ്ധതികൾക്ക് തറക്കല്ലിടുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു...***

എത്ര വലുതോ അപ്രതീക്ഷിതമോ ആയ വെല്ലുവിളികൾ ഉണ്ടായാലും, നവ ഇന്ത്യ അതിന്റെ ദൃഢനിശ്ചയത്തിൽ നിന്ന് പിന്നോട്ട് പോകുകയോ വേഗത കുറയ്ക്കുകയോ ചെയ്യുന്നില്ല. ഇന്ന്, രാജസ്ഥാനിൽ വികസനത്തിന്റെ നിരവധി നാഴികക്കല്ലുകൾ സ്ഥാപിക്കപ്പെടുന്നു. രാജസ്ഥാനിലെ ബലോത്രയിൽ വികസന പദ്ധതികളുടെ ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇങ്ങനെ പറഞ്ഞു, 'ഇന്ന് ജോധ്പൂരിൽ ഒരു പുതിയ വിമാനത്താവള ടെർമിനൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇത് മാർവാറിലെ ടൂറിസം, വ്യാപാരം, തൊഴിൽ എന്നിവയ്ക്ക് പുതിയൊരു ഉത്തേജനം നൽകും.

> **ഇന്ന്, രാജ്യം ഒരു ദൃഢനിശ്ചയം എടുക്കുമ്പോഴോ ഒരു ലക്ഷ്യം സ്ഥാപിക്കുമ്പോഴോ, രാജസ്ഥാനെ അതിന്റെ കേന്ദ്ര സ്ഥാനത്ത് നിർത്തുന്നു. ആധുനിക അടിസ്ഥാന സൗകര്യങ്ങൾ വളരെ വേഗത്തിൽ ഇവിടെ നിർമ്മിക്കപ്പെടുന്നു. ജയ്പൂർ മെട്രോ രണ്ടാം ഘട്ടത്തിന്റെ ശിലാസ്ഥാപനവും ജോധ്പൂർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ ഉദ്ഘാടനവും രാജസ്ഥാന്റെ വികസനത്തെ കൂടുതൽ ത്വരിതപ്പെടുത്തും.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## പരിഷ്കരിച്ച ഉഡാൻ പദ്ധതിക്ക് തുടക്കം

- ജോധ്പൂരിൽ പരിഷ്കരിച്ച ഉഡാൻ പദ്ധതി ആരംഭിച്ചു; പ്രാദേശിക കണക്റ്റിവിറ്റിയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നു.
- ഇന്ത്യൻ വ്യോമയാന മേഖലയ്ക്ക് ഇത് വലിയ ഉത്തേജനം നൽകുകയും സിവിൽ വ്യോമയാന രംഗത്ത് ഒരു സുപ്രധാന ചുവടുവയ്പ്പായി മാറുകയും ചെയ്യും. 'ഉഡേ ദേശ് കാ ആം നാഗരിക്' എന്ന ദർശനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
- ഈ പദ്ധതിക്ക് കീഴിൽ 28,840 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത 10 വർഷത്തിനുള്ളിൽ വ്യോമയാന അധിഷ്ഠിത വികസനം ത്വരിതപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം.




പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക

## പുതിയ ടെർമിനലിന്റെ ഉദ്ഘാടനം

**480** കോടി രൂപ ചെലവഴിച്ച് വികസിപ്പിച്ച ജോധ്പൂർ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ കെട്ടിടം ഉദ്ഘാടനം ചെയ്തു.

**23,000** ചതുരശ്ര മീറ്റർ ടെർമിനൽ വിസ്തൃതിയുള്ള കെട്ടിടത്തിന് പ്രതിവർഷം 20 ലക്ഷം യാത്രക്കാരെ വഹിക്കാൻ ശേഷിയുണ്ട്.

- ആധുനിക യാത്രാ സൗകര്യങ്ങളോടുകൂടി സജ്ജീകരിച്ച ടെർമിനൽ സുഗമവും സുഖകരവുമായ യാത്രാനുഭവം ഉറപ്പാക്കുന്നു.
- രാജസ്ഥാന്റെ രാജകീയ പൈതൃകത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട വാസ്തുവിദ്യ പരമ്പരാഗത ഘടകങ്ങളായ ആർച്ചുകളെയും ഝരോഖകളെയും ആധുനിക രൂപകല്പനയുമായി മനോഹരമായി സംയോജിപ്പിക്കുന്നു.
- ഊർജക്ഷമതയാർന്ന സംവിധാനങ്ങൾ, ജലസംരക്ഷണ നടപടികൾ, ഹരിത കെട്ടിട മാതൃകകൾ തുടങ്ങിയ സവിശേഷതകൾ ടെർമിനൽ രൂപകല്പനയുടെ അവിഭാജ്യ ഘടകമാണ്.



## തറക്കല്ലിടലും ഉദ്ഘാടനങ്ങളും

- ബാലോത്രയിൽ ഏകദേശം 1.06 ലക്ഷം കോടി രൂപ ചെലവ് വരുന്ന വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിച്ചു.
- പെട്രോകെമിക്കൽസ്, നഗര ഗതാഗതം, റെയിൽവേ, റോഡുകൾ, പുനരുപയോഗ ഊർജ്ജം, വൈദ്യുതി പ്രസരണം തുടങ്ങി നിരവധി മേഖലകളിൽ വ്യാപിച്ചുകിടക്കുന്നതാണ് ഈ പദ്ധതികൾ.
- ബാലോത്രയിലെ പച്പദ്രയിൽ രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് സംയോജിത എണ്ണസംസ്കരണ-പെട്രോകെമിക്കൽ സമുച്ചയം രാഷ്ട്രത്തിന് സമർപ്പിച്ചു.

**രാജസ്ഥാൻ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലേക്ക് നിയമനം ലഭിച്ച ഏകദേശം**

**54,000**

**യുവാക്കൾക്ക് നിയമന ഉത്തരവുകൾ വിതരണം ചെയ്തു.**

## ജയ്പൂർ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തറക്കല്ലിട്ടു

**13,000+** കോടി രൂപ നിക്ഷേപിക്കുന്ന ജയ്പൂർ മെട്രോ രണ്ടാം ഘട്ടത്തിനാണ് തറക്കല്ലിട്ടത്.

ഏകദേശം **900**

**കോടി രൂപ ചെലവ് വരുന്ന ചുരു-സാദുൽപൂർ (58 കി.മീ), ചുരു-രതൻഗഢ് (46 കി.മീ) പാത ഇരട്ടിപ്പിക്കൽ പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു.**

- SJVN ലിമിറ്റഡിന്റെ 1,000 മെഗാവാട്ട് ബികാനീർ സൗരോർജ പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചു.
- NHPC-യുടെ 300 മെഗാവാട്ട് കർണിസർ ബികാനീർ സൗരോർജ പ്ലാന്റ് ഉദ്ഘാടനം ചെയ്തു.
- രാജസ്ഥാൻ 'പുനരുപയോഗ ഊർജ്ജ മേഖല'യുടെ ഭാഗമായി 530 കിലോമീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന വൈദ്യുതി പ്രസരണ ശൃംഖലയ്ക്ക് തറക്കല്ലിട്ടു.

**1,900** **കോടി രൂപ ചെലവിൽ നിർമിക്കുന്ന പ്രസരണ ലൈൻ ഉദ്ഘാടനം ചെയ്തു.**

ഉദ്ദേശം വ്യക്തമാണെങ്കിൽ ഏറ്റവും പ്രയാസമേറിയ ആശയങ്ങളും ലക്ഷ്യങ്ങളും പോലും നിറവേറ്റാനാവും. രാജസ്ഥാനിലെ ജലസേചന, കുടിവെള്ള പ്രശ്നങ്ങളുടെ പരിഹാരം ഇതിന് മറ്റൊരു മികച്ച ഉദാഹരണമാണ്. വരും നാളുകളിൽ വികസനം അതിന്റെ പുതിയ തലങ്ങളിലെത്തുമെന്ന് ചടങ്ങിൽ പ്രധാനമന്ത്രി മോദി പ്രസ്താവിച്ചു. രാജസ്ഥാനുവേണ്ടി നാം ഒരുമിച്ച് പുതിയൊരു ഭാവി കെട്ടിപ്പടുക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.








# വരുംതലമുറ സാങ്കേതിക വിപ്ലവം
# ഇന്ത്യയിൽ അർധചാലകങ്ങളുടെ പുതുയുഗം

***ഇന്ത്യ എന്ത് ലക്ഷ്യമിട്ടാലും നിശ്ചയദാർഢ്യത്തോടെ അത് നേടിയെടുക്കും. ഏകദേശം അഞ്ച് വർഷങ്ങൾക്ക് മുൻപാണ് ആഗോള അർധചാലക കേന്ദ്രമായി മാറാൻ ഇന്ത്യ ലക്ഷ്യമിട്ടത്. 'മെയ്ക്ക് ഇൻ ഇന്ത്യ' കാഴ്ചപ്പാടിലൂന്നി മുന്നേറിയ രാജ്യം വികസനക്കുതിപ്പിനൊപ്പം അർധചാലക നിർമാണ സൗകര്യങ്ങളുടെ വികസനം ത്വരിതപ്പെടുത്തി. ഈ ശ്രമങ്ങളുടെ ഭാഗമായി ജൂലൈ 4-ന് ഗുജറാത്തിലെ സാനന്ദിൽ സി.ജി. സെമി ഔട്ട്സോഴ്സ്ഡ് സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റ്' (OSAT) കേന്ദ്രം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ മൂന്നാമത് അർധചാലക യൂണിറ്റായ ഈ കേന്ദ്രം സ്ഥാപിച്ചതോടെ ചിപ്പ് പാക്കേജിംഗിന്റെ വാണിജ്യാടിസ്ഥാനത്തിലെ ഉല്പാദനം ഔദ്യോഗികമായി ആരംഭിച്ചിരിക്കുകയാണ്...***

ഇന്ത്യയിലെ അർധചാലക മേഖലയുടെ പുരോഗതിയിൽ ആവേശഭരിതരാണ് എല്ലാവരും. ദേശീയതലത്തിലും അന്തർദേശീയതലത്തിലും ഇത് ചർച്ച ചെയ്യപ്പെടുന്നു. പലപ്പോഴും ജനങ്ങൾ ഇതിനെ ഒറ്റപ്പെട്ട ഒന്നായാണ് കാണുന്നത്. എന്നാൽ യഥാർത്ഥത്തിൽ അത് അങ്ങനെയല്ല. ഇന്ത്യയിലെ അർധചാലക വ്യവസായത്തിന്റെ വികാസം ഒറ്റരാത്രികൊണ്ട് സംഭവിച്ചതല്ല; കഴിഞ്ഞ ദശകം രാജ്യത്തുണ്ടായ ഇലക്ട്രോണിക്സ് വിപ്ലവത്തിന്റെ അടുത്ത ഘട്ടമാണിത്. അന്തിമ ഉപഭോക്തൃ ഉല്പന്നങ്ങളിലെ സ്വാശ്രയത്വത്തിനപ്പുറം ആഗോള സാങ്കേതികവിദ്യയ്ക്ക് കരുത്തേകുന്ന അടിസ്ഥാന ഘടകങ്ങളായ ചിപ്പുകൾ രാജ്യത്ത് നിർമ്മിക്കുകയെന്നതാണ് അന്തിമ ലക്ഷ്യമെന്ന് ഗുജറാത്തിലെ സാനന്ദിൽ OSAT കേന്ദ്രം ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

> **വരും നാളുകളിൽ നിർമിതബുദ്ധി നിങ്ങൾക്ക് മുന്നിൽ പുതിയ കഴിവുകളുടെയും വൈദഗ്ധ്യത്തിന്റെയും വലിയൊരു ലോകം തുറന്നിടും. ഈ സാഹചര്യത്തിൽ രാജ്യത്തെ ചെറുപ്പക്കാർ അവസരം നഷ്ടപ്പെടുത്തരുത്. ആശയം നിങ്ങളുടേതാണ്, പിന്തുണ എന്റേതാണ് എന്നാണ് യുവജനങ്ങളോട് എനിക്ക് പറയാനുള്ളത്.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



## കേന്ദ്രത്തിന്റെ പ്രതിവർഷ ഉല്പാദന ശേഷി 500 കോടി അർധചാലക ചിപ്പുകൾ

- പൂർണ ശേഷിയിൽ പ്രവർത്തിക്കുന്നതോടെ പ്ലാന്റിന് പ്രതിവർഷം 500 കോടി അർധചാലക ചിപ്പുകൾ വരെ ഉല്പാദിപ്പിക്കാൻ ശേഷിയുണ്ടാകും.
- നിർമിതബുദ്ധിയുടെയും ഹൈ-പെർഫോമൻസ് കംപ്യൂട്ടിങ്ങിലെയും ദ്രുതഗതിയിലുള്ള മുന്നേറ്റങ്ങൾ മൂലം മെമ്മറി, സ്റ്റോറേജ് പരിഹാരങ്ങളുടെ വർധിച്ചുവരുന്ന ആഗോള ആവശ്യകത നിറവേറ്റാൻ ഇത് സഹായിക്കും.
- വാഹനനിർമാണം, വ്യവസായം, ടെലികമ്യൂണിക്കേഷൻസ്, 5G, ഇന്റർനെറ്റ് ഓഫ് തിംഗ്സ് (IoT) തുടങ്ങിയ മേഖലകളിലെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ ഈ പ്ലാന്റ് നിറവേറ്റും.

## ₹7,500+ കോടി പ്ലാന്റുകളുടെ വികസനത്തിന് നിക്ഷേപിച്ചു

- ഗുജറാത്തിലെ സാനന്ദിൽ സ്ഥിതി ചെയ്യുന്ന OSAT പ്ലാന്റിൽ നിന്ന് പ്രതിവർഷം 20 കോടി ചിപ്പുകൾ പുറത്തിറക്കും.
- ഈ പ്ലാന്റിൽ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചത് ഇന്ത്യയുടെ അർധചാലക നിർമാണ മേഖലയിലെ സുപ്രധാന നാഴികക്കല്ലാണ്.
- ആഗോള അർധചാലക മൂല്യശൃംഖലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുന്ന വലിയ ചുവടുവെയ്പ്പാണിത്.
- 'ഇന്ത്യ അർധചാലക ദൗത്യ'ത്തിന് കീഴിൽ അംഗീകാരം ലഭിച്ച ആദ്യ നാല് പദ്ധതികളിലൊന്നാണിത്.

### ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ മൊബൈൽ നിർമാതാക്കൾ

2014-ന് മുൻപ് മിക്ക സ്മാർട്ട്ഫോണുകളും ഇന്ത്യ ഇറക്കുമതി ചെയ്യുകയായിരുന്നു. ഇന്ന് ഇന്ത്യയിലെ മൊബൈൽ ഫോൺ ഉല്പാദനം മുൻപത്തേക്കാൾ 33 മടങ്ങ് കൂടുതലാണ്. ഇന്ത്യയിപ്പോൾ ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ മൊബൈൽ നിർമാതാക്കളും രണ്ടാമത്തെ ഏറ്റവും വലിയ മൊബൈൽ കയറ്റുമതിക്കാരുമാണ്.



*ഇന്ത്യയുടെ ആകെ ഇലക്ട്രോണിക്സ് ഉല്പാദനം ഇന്ന് ഏകദേശം ഏഴ് മടങ്ങ് വർധിച്ചു, കൂടാതെ 2014-നെ അപേക്ഷിച്ച് ഇലക്ട്രോണിക്സ് കയറ്റുമതി ഏകദേശം പതിനൊന്ന് മടങ്ങ് ഉയർന്നു. 25 ലക്ഷത്തിലേറെ പേർക്ക് തൊഴിൽ നൽകുന്ന, 13 ലക്ഷം കോടി രൂപയോളം മൂല്യമുള്ള വ്യവസായമായി ഈ മേഖല വളർന്നു.*



### 12 അർധചാലക യൂണിറ്റുകളുടെ നിർമാണം പുരോഗമിക്കുന്നു

നിലവിൽ ഇന്ത്യയിൽ 12 അർധചാലക യൂണിറ്റുകളുടെ നിർമാണം പുരോഗമിക്കുകയാണ്, 24 ഡീപ്-ടെക് ചിപ്പ് ഡിസൈൻ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു, 70,000-ത്തിലേറെ യുവജനങ്ങൾക്ക് ചിപ്പ് രൂപകല്പനയിൽ പരിശീലനം നൽകി. 315 സർവകലാശാലകൾ അർധചാലക രൂപകല്പനയുമായി ബന്ധപ്പെട്ട കോഴ്സുകൾ നൽകുന്നുണ്ട്. ധോലേരയിൽ രാജ്യത്തെ ആദ്യ അർധചാലക ഫാബിന്റെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്.



മുൻപ് ഐടി, സ്മാർട്ട്ഫോൺ നിർമാണ മുന്നേറ്റങ്ങൾ തുറന്നുനൽകിയ വലിയ അവസരങ്ങൾക്ക് സമാനമായി നിലവിലെ സാങ്കേതിക തരംഗത്തിൽ വിപുലമായ സാധ്യതകൾ ഉയർന്നുവരുമെന്ന് പ്രധാനമന്ത്രി പ്രവചിച്ചു. അർധചാലക, എഐ വിപ്ലവത്തിന്റെ യുഗം ഗവേഷണ - രൂപകല്പന മുതൽ വിതരണ ശൃംഖല നിർവഹണം വരെ നീളുന്ന എണ്ണമറ്റ അവസരങ്ങളാണ് കൊണ്ടുവരുന്നതെന്നും പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു. ●

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

ജപ്പാൻ പ്രധാനമന്ത്രി തകെയ്ച്ചി സനയെയുടെ ഇന്ത്യാ സന്ദർശനം

# പുരോഗതിയുടെയും തന്ത്രപരമായ കൂട്ടായ്മയുടെയും പുതിയ അധ്യായം

*ജപ്പാന്റെ ആദ്യ വനിതാ പ്രധാനമന്ത്രി തകെയ്ച്ചി സനയെ 2026 ജൂലൈ 1 മുതൽ 3 വരെ ആദ്യ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയതോടെ ഇന്ത്യയും ജപ്പാനും തമ്മിലെ അചഞ്ചലമായ വിശ്വാസത്തിന്റെയും സവിശേഷ തന്ത്രപ്രധാന പങ്കാളിത്തത്തിന്റെയും പാതയിൽ പുതിയൊരു അധ്യായം കുറിച്ചു. 16-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിക്കിടെ പ്രതിരോധം, സാമ്പത്തിക-ഊർജ്ജ സുരക്ഷ, സാങ്കേതികവിദ്യയും നൂതനാശയങ്ങളും, സുരക്ഷിതവും വിശ്വസനീയവും മനുഷ്യകേന്ദ്രീകൃതവുമായ നിർമ്മിതബുദ്ധി (എഐ) ആവാസവ്യവസ്ഥ തുടങ്ങിയ മേഖലകളിൽ ഇരു ആഗോള ശക്തികളും ധാരണയിലെത്തി...*

ഇന്ത്യ-ജപ്പാൻ സഹകരണം ഇരുരാജ്യങ്ങൾക്കും സുപ്രധാനമാണ്. ഇൻഡോ-പസഫിക് മേഖലയുടെയാകെ സമൃദ്ധിയിലും വികസനത്തിലും ഇതിന് വലിയ പങ്കുണ്ട്. ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ആഗോള സാഹചര്യങ്ങൾക്കിടെ ഇരു പ്രധാനമന്ത്രിമാരും ഇന്ത്യ-ജപ്പാൻ പങ്കാളിത്തത്തിന്റെ തന്ത്രപരമായ പ്രാധാന്യം അംഗീകരിക്കുകയും ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച നിശ്ചയദാർഢ്യം ആവർത്തിക്കുകയും ചെയ്തു. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയുടെ വിജയത്തിന്റെ തുടർച്ചയായി പ്രതിരോധവും സുരക്ഷയും, സാമ്പത്തിക-ഊർജ്ജ സുരക്ഷ, സാങ്കേതികവിദ്യ, നൂതനാശയം എന്നിവയടക്കം വിവിധ മേഖലകളിൽ സഹകരണം വർധിപ്പിക്കാൻ ഇരുവരും തീരുമാനിച്ചു. സ്വതന്ത്രവും തുറന്നതും നിയമവാഴ്ചയിൽ അധിഷ്ഠിതവുമായ അന്താരാഷ്ട്ര ക്രമം രൂപപ്പെടുത്തേണ്ടത് ലോകത്തിലെ മുൻനിര ജനാധിപത്യ രാജ്യങ്ങളും പ്രമുഖ സാമ്പത്തിക ശക്തികളുമെന്ന നിലയിൽ ഇരുരാജ്യങ്ങളുടെയും കടമയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജാപ്പനീസ് പ്രധാനമന്ത്രി തകെയ്ച്ചി സനയേയും ആവർത്തിച്ചു.

### വാഹനനിർമാണ മേഖലയും മെയ്ക്ക് ഇൻ ഇന്ത്യയും

- സുസുകിയുടെ ആഗോള കേന്ദ്രമായി ഇന്ത്യ മാറുന്നു: ലോകത്തെ സുസുകി കാറുകളിൽ മൂന്നിൽ രണ്ട് ഭാഗവും ഇപ്പോൾ ഇന്ത്യയിലാണ് നിർമിക്കുന്നത്, കൂടാതെ, 100-ലേറെ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുമുണ്ട്.
- ഖാർഖോഡയിൽ പുതിയ പ്ലാന്റ്: ഹരിയാനയിലെ ഖാർഖോഡയിൽ അത്യാധുനിക മാരുതി സുസുകി പ്ലാന്റ് ഉദ്ഘാടനം ചെയ്തു.
- വിജയ മന്ത്രം: ഇന്ത്യയുടെ വേഗത്തിനും വിപുലമായ ശേഷിയ്ക്കുമൊപ്പം ജാപ്പനീസ് വൈദഗ്ധ്യവും നിക്ഷേപവും ചേരുമ്പോൾ ലോകം മുഴുവൻ അതിന്റെ പ്രയോജനം നേടുന്നു.



*പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*



## ഊർജ്ജം, അടിസ്ഥാനസൗകര്യം, സാങ്കേതികവിദ്യ

- ഹരിതോർജ്ജത്തിന് ഉത്തേജനം: 'ഇന്ത്യ-ജപ്പാൻ സഹകരണ ബയോ ഗ്യാസ് വികസന സംരംഭത്തിന് കീഴിൽ ഇന്ത്യയിലാകെ 1,000 ബയോ ഗ്യാസ്, ജൈവവള പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.
- 2027-ഓടെ ബുള്ളറ്റ് ട്രെയിൻ: 2027-ഓടെ ഇന്ത്യയിൽ ബുള്ളറ്റ് ട്രെയിൻ സർവീസുകൾ ആരംഭിക്കാനാവശ്യമായ എല്ലാ സഹായങ്ങളും ജപ്പാൻ നൽകുമെന്ന് ജാപ്പനീസ് പ്രധാനമന്ത്രി ഉറപ്പുനൽകി.
- ഉപഭോക്തൃ രാജ്യങ്ങൾക്ക് ശക്തമായ പ്രാതിനിധ്യം: പ്രധാന ഊർജ്ജ ഉപഭോക്തൃ രാജ്യങ്ങളെന്ന നിലയിൽ ആഗോള വേദിയിൽ ഇരുരാജ്യങ്ങളും കൂടുതൽ ശക്തമായി നിലപാടുകൾ അവതരിപ്പിക്കും.
- ഊർജ്ജ ഗതാഗതത്തിൽ സഹകരണം: എണ്ണയുടെയും പ്രകൃതിവാതകത്തിന്റെയും സുരക്ഷിത സമുദ്ര ഗതാഗതം ഉറപ്പാക്കാൻ ഇരുരാജ്യങ്ങളും സഹകരിക്കും.
- സുരക്ഷിത എഐ ആവാസവ്യവസ്ഥ: ഇൻഡോ-പസഫിക് മേഖല ഉൾപ്പെടെ ലോകത്തെ എല്ലാ പ്രദേശങ്ങളിലും സുരക്ഷിതവും വിശ്വസനീയവുമായ എഐ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ ഊന്നൽ നൽകുന്നു.
- ഇന്ത്യൻ എഐ പ്രതിഭകൾക്ക് അവസരങ്ങൾ: 2030-ഓടെ ഇന്ത്യയിൽ നിന്ന് പ്രഗത്ഭരായ 500 എഐ വിദഗ്ധരെ ജപ്പാൻ ക്ഷണിക്കും.

**വിനോദസഞ്ചാരവും ജനങ്ങൾ തമ്മിലെ ബന്ധവും: ഇന്ത്യയ്ക്കും ജപ്പാനുമിടയിൽ യാത്ര ചെയ്യുന്നവരുടെ എണ്ണം 2025-ഓടെ 5.40 ലക്ഷം കവിയും.**

## പ്രാദേശിക, ആഗോള പ്രശ്നങ്ങൾ


- **സമ്പന്നമായ ഇൻഡോ-പസഫിക് കാഴ്ചപ്പാട്:** ശക്തവും സമ്പന്നവുമായ ഇൻഡോ-പസഫിക് എന്ന പങ്കിട്ട ലക്ഷ്യം കൈവരിക്കാൻ സമാന ചിന്താഗതിയുള്ള രാജ്യങ്ങൾ തമ്മിലെ സഹകരണം വർധിപ്പിക്കും.
- **സമുദ്ര സുരക്ഷയിൽ ശക്തമായ നിലപാട്:** കിഴക്കൻ, ദക്ഷിണ ചൈനാ കടലുകളിലെ സ്ഥിതിഗതികൾ സംബന്ധിച്ച ചർച്ചകൾ; നിലവിലെ സ്ഥിതി ഏകപക്ഷീയമായി മാറ്റാനുള്ള ഏതൊരു ശ്രമത്തെയും ശക്തമായി എതിർക്കും.
- **അന്താരാഷ്ട്ര നിയമങ്ങളോട് ബഹുമാനം:** സമുദ്ര തർക്കങ്ങൾ സമാധാനപരമായും അന്താരാഷ്ട്ര നിയമങ്ങളുടെ ചട്ടക്കൂടിനകത്ത് നിന്നുകൊണ്ടും കർശനമായി പരിഹരിക്കപ്പെടണം.
- **ഉത്തര കൊറിയയെക്കുറിച്ച് ആശങ്ക:** ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ സമിതി പ്രമേയങ്ങൾക്കനുസൃതമായി പൂർണ ആണവ നിരോധനം എന്ന ആവശ്യം ആവർത്തിച്ചു.
- **ഐക്യരാഷ്ട്ര രക്ഷാ സമിതിയുടെ അടിയന്തര പരിഷ്കരണം:** സ്ഥിരം സമിതിയുടെയും താൽക്കാലിക സമിതിയുടെയും വിപുലീകരണം ഉൾപ്പെടെ ഐക്യരാഷ്ട്ര രക്ഷാ സമിതി അടിയന്തരമായി പരിഷ്കരിക്കാൻ മറ്റ് G-4 രാജ്യങ്ങൾക്കൊപ്പം പ്രവർത്തിക്കുമെന്ന വാഗ്ദാനം.
- **സീറ്റുകളിൽ പരസ്പര പിന്തുണ:** 2028-29, 2033-34 കാലയളവുകളിലെ രക്ഷാ സമിതിയിലെ താൽക്കാലിക അംഗത്വത്തിലേക്ക് പരസ്പര സ്ഥാനാർത്ഥിത്വത്തെ പിന്തുണയ്ക്കാൻ ഇന്ത്യയും ജപ്പാനും തത്വത്തിൽ അംഗീകരിച്ചു.



### വ്യാപാരവും നിക്ഷേപവും

- **10 ട്രില്യൺ യെൻ എന്ന അഭിലഷണീയ ലക്ഷ്യം:** അടുത്ത പതിറ്റാണ്ടിൽ ജപ്പാനിൽ നിന്നുള്ള നിക്ഷേപം 10 ട്രില്യൺ യെൻ എന്ന പരിധിയ്ക്കപ്പുറം എത്തിക്കാൻ ഉറച്ച ദൃഢനിശ്ചയം.
- **പ്രധാന വ്യാപാര കരാറുകൾ:** കഴിഞ്ഞ ഒരു വർഷത്തിനിടെ ഇരുരാജ്യങ്ങളും തമ്മിൽ 100-ലേറെ പുതിയ വ്യാപാര കരാറുകളിൽ ഒപ്പുവെച്ചു. ഇന്ത്യയിലേക്ക് 10 ബില്യൺ ഡോളറിലേറെ ജാപ്പനീസ് നിക്ഷേപം കൊണ്ടുവരാൻ ഇത് വഴിയൊരുക്കും.
- **ഫാസ്റ്റ് ട്രാക്ക് നിക്ഷേപ സംവിധാനം:** 'ഇന്ത്യ-ജപ്പാൻ വ്യാവസായിക മത്സരക്ഷമതാ പങ്കാളിത്ത'ത്തിന് കീഴിലെ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തും.
- **തന്ത്രപ്രധാന വിതരണ ശൃംഖലകൾ:** അർധചാലകങ്ങൾ, ക്വാണ്ടം സാങ്കേതികവിദ്യ, അത്യാധുനിക സാമഗ്രികൾ തുടങ്ങി തന്ത്രപ്രധാന മേഖലകളിലെ വിതരണ ശൃംഖലാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

വർഷാവസാനത്തോടെ ടോക്കിയോയിൽ '2+2' മന്ത്രിതല യോഗത്തിന്റെ നാലാം ഘട്ടം സംഘടിപ്പിക്കാൻ ഇരു പ്രധാനമന്ത്രിമാരും ബന്ധപ്പെട്ട മന്ത്രിമാർക്ക് നിർദേശം നൽകി. ഈ വർഷം നടന്ന ആദ്യ സ്വകാര്യ മേഖല സാമ്പത്തിക സുരക്ഷാ സംവാദവും അതിന്റെ രണ്ടാംഘട്ട ചർച്ചകളും ഉൾപ്പെടെ 'സാമ്പത്തിക സുരക്ഷാ സംരംഭ'ത്തിന് കീഴിൽ കൈവരിച്ച പുരോഗതിയെ നേതാക്കൾ അഭിനന്ദിച്ചു. കൂടാതെ അർദ്ധചാലകം, നിർണായക ധാതുക്കൾ, വിവര വിനിമയ സാങ്കേതികവിദ്യ, സംശുദ്ധ ഊർജ്ജം, ഔഷധനിർമാണം തുടങ്ങിയ പ്രധാന മേഖലകളിൽ പദ്ധതി അധിഷ്ഠിത സഹകരണം പ്രോത്സാഹിപ്പിക്കാൻ 'ഇന്ത്യ-ജപ്പാൻ സാമ്പത്തിക സുരക്ഷാ സഹകരണ സംയുക്ത പ്രസ്താവന'യിൽ അംഗീകരിച്ചു.



ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് സന്ദർശനങ്ങൾ

# ആഗോള ബന്ധങ്ങൾക്ക് പുതിയ ഊർജ്ജം പകർന്നു

*ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനങ്ങൾ പ്രസ്തുത രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിൽ സുപ്രധാനമായ ചുവടുവയ്പ്പായി മാറി. ഇന്ത്യയുടെ 'ആക്ട് ഈസ്റ്റ്' നയത്തെയും സമുദ്ര ദർശനത്തെയും സന്ദർശനം ശക്തിപ്പെടുത്തി. സ്വതന്ത്രവും തുറന്നതും സുരക്ഷിതവുമായ ഇന്തോ–പസഫിക് മേഖലയെ പ്രോത്സാഹിപ്പിക്കുകയെന്ന ഇന്ത്യയുടെ ലക്ഷ്യത്തെ ഈ രാജ്യങ്ങൾ പിന്തുണച്ചു, സന്ദർശന വേളയിൽ, പ്രതിരോധം, വ്യാപാരം, ഊർജ്ജം, സാംസ്കാരിക സഹകരണം തുടങ്ങിയ സുപ്രധാന വിഷയങ്ങൾ നേതാക്കൾ ചർച്ച ചെയ്തു. ഒട്ടേറെ കരാറുകളിൽ ഒപ്പുവച്ചു.*

ജൂലൈ 6 മുതൽ 11 വരെ പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് സന്ദർശനം പല കാര്യങ്ങളാലും ശ്രദ്ധേയമായിരുന്നു. അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ആഗോള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, പരസ്പര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ഭാവിയിലെ സുപ്രധാന കരാറുകളെക്കുറിച്ചും ഉള്ള തുറന്ന ചർച്ചകൾക്ക് ഈ സന്ദർശനം വഴിയൊരുക്കി. ഇന്ത്യയുടെ 'ആക്ട് ഈസ്റ്റ് നയത്തെ' ശക്തിപ്പെടുത്തുകയും സ്വതന്ത്രവും തുറന്നതും സുരക്ഷിതവുമായ ഇന്തോ-പസഫിക് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയെ ഊട്ടിയുറപ്പിക്കുകയും ചെയ്തു.

## ഇന്തോനേഷ്യ

### സുപ്രധാന കരാറുകളും പ്രഖ്യാപനങ്ങളും

- ബ്രഹ്മോസ് മിസൈൽ സംവിധാനത്തിൽ സഹകരണം
- വ്യോമ-വ്യോമ മിസൈൽ സഹകരണം സംബന്ധിച്ച കരാർ
- ഇന്തോനേഷ്യയിൽ ഒരു സ്റ്റെയിൻലെസ് സ്റ്റീൽ സ്ലാബ് നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും പി ടി ക്രാകാറ്റൗ സ്റ്റീലും തമ്മിൽ കരാർ
- യോഗ്യകാർത്തയിലെ പ്രമ്പാനൻ ക്ഷേത്ര സമുച്ചയത്തിന്റെ സംരക്ഷണത്തിലും പുനരുദ്ധാരണത്തിലും ഇന്ത്യ സഹായിക്കും
- ഐഎഫ്‌സി-ഐഒആറിൽ (ഇൻഫർമേഷൻ ഫ്യൂഷൻ സെന്റർ - ഇന്ത്യൻ മഹാസമുദ്ര മേഖല) ഒരു ഇന്തോനേഷ്യൻ ലെയ്‌സൺ ഓഫീസറെ നിയോഗിക്കും
- 'ടാഗോർ-ദേവാന്തര സാംസ്കാരിക, വിദ്യാഭ്യാസ നയതന്ത്ര വർഷത്തിന്റെ' സ്മരണ
- ഇന്തോനേഷ്യയിലെ സിംഗസാരി സെസിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്‌മെന്റ് (IIM) ബാംഗ്ലൂരിന്റെ കാമ്പസ് സ്ഥാപിക്കും

### ഇന്തോനേഷ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി

ഇന്തോനേഷ്യൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയായി ശ്രീ നരേന്ദ്ര മോദി മാറി. ജനാധിപത്യത്തിന്റെ മാതാവെന്ന നിലയിൽ ഇന്ത്യ ഇന്തോനേഷ്യയുമായുള്ള ജനാധിപത്യ ബന്ധങ്ങൾ ശക്തിപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. 'വസുധൈവ കുടുംബകം', 'ഭിന്നേക തുങ്കൽ ഇക' (നാനാത്വത്തിൽ ഏകത്വം) എന്നീ പൊതുവായ ദർശങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ട്, ഈ മൂല്യങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തത്തെ മുന്നോട്ട് നയിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. നൂറ്റാണ്ടുകൾ പഴക്കമുള്ള സാംസ്കാരിക ബന്ധങ്ങൾക്ക് അനുസൃതമായി, വ്യാപാരം, സംസ്കാരം, വിദ്യാഭ്യാസം, തന്ത്രപരമായ പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാക്കാൻ രൂപകൽപ്പന ചെയ്ത ചട്ടക്കൂടായ ഗംഗാ-മഹാകം ദർശനത്തിലൂടെ സഹകരണത്തിന്റെ ഒരു പുതിയ ഘട്ടത്തിന് അദ്ദേഹം ആഹ്വാനം ചെയ്തു.



### ഇന്തോനേഷ്യയുടെ പരമോന്നത ബഹുമതി പ്രധാനമന്ത്രി മോദിക്ക് സമ്മാനിച്ചു

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'ബിന്റാങ് ആദിപൂർണ ഓഫ് റിപ്പബ്ലിക്ക് ഓഫ് ഇന്തോനേഷ്യ' മെഡൽ നൽകി ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോ ആദരിച്ചു. ഇന്തോനേഷ്യ റിപ്പബ്ലിക്കിന്റെ പരമോന്നത സിവിലിയൻ ബഹുമതിയാണ് ഈ പുരസ്‌ക്കാരം. ഇന്ത്യ-ഇന്തോനേഷ്യ ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള അദ്ദേഹത്തിന്റെ അസാധാരണ സംഭാവനകൾക്കും നേതൃത്വത്തിനുമാണ് പുരസ്‌ക്കാരം ലഭിച്ചത്.

*പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

### ഉഭയകക്ഷി ബന്ധങ്ങളുടെ സമസ്തമേഖലകളും ചർച്ചയായി

ജക്കാർത്തയിലെ ഇസ്താന മെർദേക്കയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രസിഡന്റ് പ്രബോവോ സുബിയാന്റോയും ഉഭയകക്ഷി ബന്ധത്തിന്റെ നാനാവശങ്ങളും ചർച്ച ചെയ്തു. രാഷ്ട്രീയ ചർച്ചകൾ, പ്രതിരോധ-സുരക്ഷാ സഹകരണം, സമുദ്ര സഹകരണം, വ്യാപാരം, നിക്ഷേപം, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, ശാസ്ത്ര സാങ്കേതിക വിദ്യ, ബഹിരാകാശം, നിർണായക ധാതുക്കൾ, ഊർജ്ജം, കൃഷി, ആരോഗ്യം, ഔഷധങ്ങൾ, വിദ്യാഭ്യാസം, സംസ്കാരം, വിനോദസഞ്ചാരം, യുവജന വിനിമയങ്ങൾ, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ, പരസ്പര താത്പര്യമുള്ള പ്രാദേശിക, ആഗോള സംഭവവികാസങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു.

### ഇന്ത്യൻ പ്രവാസി സമൂഹം: ഇരു രാജ്യങ്ങളും തമ്മിലുള്ള കണ്ണി

ജക്കാർത്തയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി മോദി, ഇന്തോനേഷ്യയുടെ പുരോഗതിയുടെയും സമൃദ്ധിയുടെയും, ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദത്തിന്റെയും സ്തംഭമായി ഇന്ത്യൻ പ്രവാസികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കി. 'വികസിത് ഭാരത് 2047', 'ഇന്തോനേഷ്യ ഇമാസ് 2045' (ഗോൾഡൻ ഇന്തോനേഷ്യ 2045) എന്നീ പൊതുവായ അഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിന് സംഭാവന നൽകാൻ അദ്ദേഹം പ്രവാസി സമൂഹത്തോട് ആഹ്വാനം ചെയ്തു. രണ്ടായിരം വർഷത്തിലേറെ നീണ്ടുനിൽക്കുന്ന ആഴത്തിലുള്ള നാഗരിക, സാംസ്കാരിക, സാമൂഹിക ബന്ധങ്ങൾ ഇന്ത്യയും ഇന്തോനേഷ്യയും പങ്കിടുന്നു. ഇന്ന്, ഏകദേശം 150,000 ഇന്ത്യൻ വംശജരും (PIOs) ഏകദേശം 15,000 പ്രവാസി ഇന്ത്യക്കാരും (NRIs) ഇന്തോനേഷ്യയിൽ വസിക്കുന്നു.

### പ്രധാനമന്ത്രി മോദി പ്രമ്പാനൻ ക്ഷേത്ര സമുച്ചയം സന്ദർശിച്ചു

യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രമായ യോഗ്യകാർത്തയിലെ പ്രമ്പാനൻ ക്ഷേത്ര സമുച്ചയം പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശിച്ചു. സന്ദർശന വേളയിൽ ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോയും പ്രധാനമന്ത്രി മോദിയോടൊപ്പം സന്നിഹിതനായിരുന്നു. ക്ഷേത്ര സമുച്ചയത്തിൽ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഏറ്റെടുത്ത സംരക്ഷണ, പുനരുദ്ധാരണ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ഇരു നേതാക്കളും ഒരു ഫലകം അനാച്ഛാദനം ചെയ്തു. 9-ാം നൂറ്റാണ്ടിൽ നിർമ്മിച്ച പ്രമ്പാനൻ ക്ഷേത്രം ഇന്തോനേഷ്യയിലെ ഏറ്റവും വലിയ ക്ഷേത്ര സമുച്ചയമാണ്, ഇത് ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ മൂർത്തികൾക്കായി സമർപ്പിച്ചിരിക്കുന്നു.



## ഓസ്ട്രേലിയ




# ഇന്ത്യ-ഓസ്ട്രേലിയ പ്രധാനമന്ത്രിമാരുടെ സമാനമായ ദർശനങ്ങൾ

**യുറേനിയവും ശുദ്ധമായ ഊർജ്ജവും:** ആണവോർജ മേഖലയിൽ ഓസ്ട്രേലിയയുമായി ഒരു സുപ്രധാന കരാറിലെത്താനായി. പരിസ്ഥിതി സൗഹൃദ (ശുദ്ധ) ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് ഓസ്ട്രേലിയയിൽ നിന്ന് ഇന്ത്യ യുറേനിയം സ്വീകരിക്കും.

**നിർണായക ധാതുക്കൾ:** അവശ്യ ധാതുക്കളുടെ സുഗമമായ വിതരണം ഉറപ്പാക്കുന്നതിന് ഒരു 'നിർണായക ധാതു ഇടനാഴി' സ്ഥാപിക്കുന്നതിന് ഇരു രാജ്യങ്ങളും സഹകരിക്കും.

**പ്രതിരോധ, സുരക്ഷാ സഹകരണം:** ഇരു രാജ്യങ്ങളും സംയുക്തമായി ഒരു 'പ്രതിരോധ നൂതനാശയ ഇടനാഴി' സൃഷ്ടിക്കും. ഇരു രാജ്യങ്ങളിലെയും പ്രതിരോധ സ്റ്റാർട്ടപ്പുകളെയും പ്രതിരോധ കമ്പനികളെയും ഒരുമിച്ച് കൊണ്ടുവരിയാണ് ലക്ഷ്യം.

**വിദ്യാഭ്യാസ, വൈജ്ഞാനിക പങ്കാളിത്തം:** ഓസ്ട്രേലിയൻ സർവ്വകലാശാലകളുടെ കാമ്പസുകൾ ഇന്ത്യയിൽ ആരംഭിക്കും. ഇത് വിദ്യാഭ്യാസത്തിലും വിജ്ഞാന വിനിമയത്തിലും ഇരു രാജ്യങ്ങളും തമ്മിലുള്ള  ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തും.

**കായിക മത്സരങ്ങൾക്ക് ആതിഥേയത്വം:** വരും വർഷങ്ങളിൽ, ഒളിമ്പിക്സ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങി അതിവിപുലമായ ആഗോള കായിക മത്സരങ്ങളിൽ ചിലതിന് ആതിഥേയത്വം വഹിക്കാൻ ഇരു രാജ്യങ്ങളും ഒരുങ്ങുകയാണ്.

### വിപുലമാകുന്ന ബിസിനസ് അവസരങ്ങൾ

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസും 'ഓസ്ട്രേലിയ-ഇന്ത്യ സിഇഒ ഫോറം', 'സാമ്പത്തിക രൂപരേഖ' ബിസിനസ് ഇവന്റ് എന്നിവയെ അഭിസംബോധന ചെയ്തു. ഈ ഉന്നതതല യോഗത്തിൽ ഇരു രാജ്യങ്ങളിലെയും 200-ലധികം ബിസിനസ്സ് പ്രമുഖരും സിഇഒമാരും പങ്കെടുത്തു. പരിപാടിയിൽ, ഇന്ത്യയുടെ ശക്തമായ സാമ്പത്തിക വളർച്ച, പരിഷ്കാരങ്ങൾ, ദ്രുതഗതിയിലുള്ള ഡിജിറ്റൽ വികസനം, നവീകരണത്തിനുള്ള പിന്തുണ എന്നിവ നിക്ഷേപത്തിനും ബിസിനസിനും നിരവധി പുതിയ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി മോദി വിശദീകരിച്ചു. ഇന്ത്യയുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്താനും രാജ്യത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥ പ്രയോജനപ്പെടുത്താനും അദ്ദേഹം ഓസ്ട്രേലിയൻ കമ്പനികളെ ആഹ്വാനം ചെയ്തു.

### സൈബർ സുരക്ഷ

സൈബർ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിനും നിർണായക അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിനും ഓസ്ട്രേലിയയും ഇന്ത്യയും സഹകരിക്കും. സാങ്കേതിക വൈദഗ്ദ്ധ്യം പങ്കിടാനും വ്യാപാര, നിക്ഷേപ അവസരങ്ങൾ വികസിപ്പിക്കാനും നൈപുണ്യ വികസനത്തിനായി ഒരു ഇൻകുബേറ്റർ ഹബ് സ്ഥാപിക്കാനും ഇരു രാജ്യങ്ങളും തമ്മിൽ ധാരണയായി. കൂടാതെ, സഹകരണം കാര്യക്ഷമമാക്കുന്നതിനും ആഗോള വേദികളിൽ മികച്ച ഏകോപനം ഉറപ്പാക്കുന്നതിനും ശക്തമായ ഉഭയകക്ഷി സംവിധാനം സ്ഥാപിക്കും.

### ഇന്ത്യൻ പ്രവാസികൾ: ഇരുരാജ്യങ്ങൾക്കുമിടയിലെ പാലം

മെൽബണിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവേ, ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. വിദ്യാഭ്യാസം, സമ്പദ്‌വ്യവസ്ഥ, ഡിജിറ്റൽ വിപ്ലവം എന്നീ മേഖലകളിൽ ഇന്ത്യയുടെ പുരോഗതി എടുത്തുകാണിച്ച അദ്ദേഹം, രണ്ട് രാജ്യങ്ങളെയും ബന്ധിപ്പിക്കുന്ന ഊർജ്ജസ്വലമായ പാലമെന്ന് ഇന്ത്യൻ പ്രവാസികളെ വിശേഷിപ്പിച്ചു.

*പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

# ന്യൂസിലാന്റ്

## ഇന്ത്യ-ന്യൂസിലൻഡ്: വിജയകരമായ പങ്കാളിത്തം

'ഇന്ത്യ-ന്യൂസിലൻഡ്: വിജയകരമായ പങ്കാളിത്തം' എന്ന പ്രമേയത്തിലൂന്നി ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ സംഘടിപ്പിച്ച പ്രത്യേക വിരുന്നിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. രാഷ്ട്രീയം, ബിസിനസ്സ്, വ്യവസായം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ, കായികം, കല തുടങ്ങിയ മേഖലകളിലെ പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. റെക്കോർഡ് സമയത്തിനുള്ളിൽ ഇന്ത്യ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ അന്തിമമാക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നു. ഇത് ഇരു രാജ്യങ്ങളിലെയും ബിസിനസുകൾക്കും യുവാക്കൾക്കും കർഷകർക്കും പുതിയ അവസരങ്ങൾ തുറക്കുമെന്നും 2030 ഓടെ ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുമെന്നും പ്രതീക്ഷിക്കുന്നു.

## 'കിയ ഓറ മോദി' പരിപാടി

ഓക്ക്ലൻഡിൽ നടന്ന 'കിയ ഓറ മോദി' പരിപാടിയിൽ ഇന്ത്യൻ പ്രവാസി സമൂഹത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. ഇന്ത്യൻ പ്രവാസികളുടെ ഒത്തുചേരൽ, അക്ഷരാർത്ഥത്തിൽ, ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സൗഹൃദത്തിന്റെയും കായിക ബന്ധങ്ങളുടെയും സാമ്പത്തിക പങ്കാളിത്തത്തിന്റെയും ആഘോഷമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## പങ്കാളിത്തം

2030 ആകുമ്പോഴേക്കും ഉഭയകക്ഷി വ്യാപാരം ഏകദേശം 35,000 കോടി രൂപയായി ഉയർത്തി, ഇരട്ടിയാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിടണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ബിസിനസ് സമൂഹത്തോട് ആഹ്വാനം ചെയ്തു. ഇന്ത്യ-ന്യൂസിലൻഡ് സാമ്പത്തിക പങ്കാളിത്തം സമഗ്രവും സുസ്ഥിരവുമായ വ്യാപാരത്തിനുള്ള മാതൃകയായും നവീകരണത്തിനും സമൃദ്ധിക്കും ഉള്ള വേദിയായും വർത്തിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

## 2030 ലേക്കുള്ള രൂപരേഖ

40 വർഷത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ ന്യൂസിലൻഡിലേക്കുള്ള ആദ്യ ഔദ്യോഗിക സന്ദർശനമാണിത്. സന്ദർശന വേളയിൽ, ഉഭയകക്ഷി ബന്ധത്തെ 'തന്ത്രപരമായ പങ്കാളിത്തം' ആയി ഉയർത്താൻ ഇരുപ്രധാനമന്ത്രിമാരും തീരുമാനിച്ചു. അതനുസരിച്ച്, അടുത്ത നാല് വർഷത്തേക്ക് സംയുക്ത പ്രവർത്തനങ്ങൾക്ക് വഴി കാട്ടുന്നതിനുള്ള ഒരു ചട്ടക്കൂടായി 'ഇന്ത്യ-ന്യൂസിലൻഡ് തന്ത്രപരമായ പങ്കാളിത്തം: 2030 ലേക്കുള്ള രൂപരേഖ' അവർ അംഗീകരിച്ചു. പ്രതിരോധ-സുരക്ഷ-ഭീകരവിരുദ്ധ സഹകരണം, വ്യാപാര, സാമ്പത്തിക സഹകരണം, പ്രാദേശിക, ബഹുമുഖ സഹകരണം, വിദ്യാഭ്യാസം, ഗവേഷണം, ശാസ്ത്ര സാങ്കേതിക വിദ്യ, ദുരന്തനിവാരണം, സംസ്കാരം, കായികം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ സഹകരിക്കാൻ ഇരു നേതാക്കളും തമ്മിലുള്ള ചർച്ചകൾ വഴിയൊരുക്കി.



*പ്രധാനമന്ത്രിയുടെ പരിപാടി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*





കായിക, ശാസ്ത്ര മേഖലകൾ

# ഇന്ത്യൻ വനിതാ ക്രിക്കറ്റ്: സുവർണ്ണ ഭാവിയുടെ സൂചനകൾ

*ലണ്ടനിലെ പ്രശസ്തമായ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ നടന്ന ആദ്യ വനിതാ അന്താരാഷ്ട്ര ടെസ്റ്റ് മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം അവിസ്മരണീയമായ വിജയം നേടിയപ്പോൾ ചരിത്രം രചിക്കപ്പെട്ടു. ഈ വിജയം കേവലം കളിക്കളത്തിലെ വിജയം മാത്രമല്ല; ഇന്ത്യൻ വനിതാ ക്രിക്കറ്റിനെ സംബന്ധിച്ചിടത്തോളം ആത്മവിശ്വാസപൂർണ്ണവും കരുത്തുറ്റതുമായ ഒരു പുതുയുഗത്തിന്റെ തുടക്കത്തെ ഇത് പ്രതീകവത്ക്കരിക്കുന്നു...*

ലോകത്തിലെ ഏറ്റവും പ്രശസ്തമായ ക്രിക്കറ്റ് മൈതാനമായ ലോർഡ്സിൽ നടന്ന ആദ്യ വനിതാ ടെസ്റ്റ് മത്സരത്തിൽ ഇംഗ്ലണ്ടിനെ 270 റൺസിന് പരാജയപ്പെടുത്തി ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ചരിത്രം സൃഷ്ടിച്ചു. ഈ വിജയത്തോടെ, ലോർഡ്സിൽ വനിതാ ടെസ്റ്റ് മത്സരം ജയിക്കുന്ന ആദ്യ ടീമായി ഇന്ത്യ മാറി. ഈ നേട്ടം കേവലമൊരു വിജയത്തിലുപരി, ഇന്ത്യൻ വനിതാ ക്രിക്കറ്റിന്റെ ശോഭനമായ ഭാവിയെ പ്രതിനിധീകരിക്കുന്നു. 1884 ജൂലൈ 21 മുതൽ ജൂലൈ 23 വരെ ലോർഡ്സിൽ ആദ്യ പുരുഷ ടെസ്റ്റ് മത്സരം നടന്ന് 142 വർഷങ്ങൾക്ക് ശേഷമാണ് ലോർഡ്സിൽ ആദ്യ വനിതാ ടെസ്റ്റ് നടന്നത്, അവിടെ ഇന്ത്യ ഇംഗ്ലണ്ടിനെതിരെ അവിസ്മരണീയമായ വിജയം നേടി.





## ഇന്ത്യൻ യുവ പ്രതിഭകൾ സ്വർണ്ണം നേടി

കൊളംബിയയിലെ ബുക്കാറമാംഗയിൽ നടന്ന 56-ാമത് ഇന്റർനാഷണൽ ഫിസിക്സ് ഒളിമ്പ്യാഡ് (IPhO) 2026 ൽ സ്വർണ്ണ മെഡൽ നേടി ഇന്ത്യൻ ടീം മികച്ച വിജയം കരസ്ഥമാക്കി. കനിഷ്ക് ജെയിൻ, റിദ്ധേഷ് അനന്ത് ബെൻഡേൽ, റിഷിത് ഗാർഗ്, ശ്രേഷ്ത് സുരയ്യ, സ്വരിത് ജോഷി എന്നിവരായിരുന്നു ടീമിലുണ്ടായിരുന്നത്. 'നമ്മുടെ യുവാക്കളുടെ ഒരു മികച്ച പ്രകടനം!' എന്ന് വിശേഷിപ്പിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി അവരുടെ ശ്രദ്ധേയമായ പ്രകടനത്തെ പ്രശംസിക്കുകയും ഇന്ത്യയിലെ യുവാക്കളുടെ പ്രതിഭയുടെയും കഠിനാധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും തിളക്കമാർന്ന ഉദാഹരണമാണിതെന്ന് വ്യക്തമാക്കുകയും ചെയ്തു. ഈ നേട്ടം യുവാക്കളായ ഇന്ത്യക്കാരുടെ അപാരമായ പ്രതിഭയുടെയും ശാസ്ത്രഗവേഷണത്തിലെ അവരുടെ താത്പര്യത്തിന്റെയും മികവിന്റെയും ഉദാഹരണമാണെന്ന് അദ്ദേഹം പറഞ്ഞു.



**Narendra Modi** @narendramodi

बाबा बर्फानी के दर्शन से जुड़ी श्री अमरनाथ यात्रा हमारी आध्यात्मिक परंपरा और सांस्कृतिक एकता का शाश्वत अध्याय है। मेरी कामना है कि शिवभक्तों की यह यात्रा हर तरह से सुरक्षित और मंगलमय हो! इस पावन अवसर पर श्रद्धालुओं के लिए पांच संकल्पों से जुड़ा मेरा यह पत्र...



**Rajnath Singh** @rajnathsingh

[illegible]

हर हर महादेव



**Amit Shah** @AmitSh...

अंतरराष्ट्रीय सहकारिता दिवस की सभी देशवासियों को हार्दिक शुभकामनाएं।

सहकारिता भारत की संस्कृति, सामूहिक शक्ति और आत्मनिर्भरता का आधार है। प्रधानमंत्री श्री @narendramodi जी के नेतृत्व में सहकारिता क्षेत्र को नई ऊर्जा और विस्तार मिला है। चाहे सहकारिता विश्वविद्यालय हो, आधुनिक प्रशिक्षण केंद्र हों या नए क्षेत्रों में सहकारी संस्थानों का सशक्तिकरण हो, यह प्रयास किसानों, महिलाओं, छोटे उद्यमियों और श्रमिकों को सशक्त बनाते हुए "सहकार से समृद्धि" के संकल्प को आगे बढ़ा रहा है।



**Nitin Gadkari** @nitin_gadkari

लखनऊ, उत्तर प्रदेश में ₹4850 करोड़ के निवेश वाली 3 राष्ट्रीय राजमार्ग परियोजनाओं का लोकार्पण एवं शिलान्यास।

#PragatiKaHighway #GatiShakti #KanpurLucknowExpressway



**Jyotiraditya M. Scindia** @JM_Scindia

A rare sighting of Cyananthus hookeri blooming in Arunachal's Tawang after 156 long years...

Our Northeast is a living treasure trove of biodiversity, where nature continues to reveal its wonders. Such rediscoveries remind us of the region's unparalleled ecological wealth and the importance of preserving it.




**Jagat Prakash Nadda** @JPNadda

World Population Day underscores the importance of voluntary family planning, informed choices, and healthy families as the foundation of inclusive and sustainable development.

This year's theme, "Healthy Timing and Spacing of Pregnancies for the Well-being of Mother & Child and planned parenthood" and the campaign slogan "जब बच्चों में हो सही अंतराल, परिवार को स्वस्थ और खुशहाल" reinforces the need to improve maternal and child health through informed reproductive choices and quality family planning services.

# India secures landmark uranium deal with Aus



PM Narendra Modi with Australian PM Anthony Albanese at an event in Melbourne on Thursday

INDIA TO ALSO REPATRIATE RELICS OF AN 'AUSTRALIAN FIRST NATIONS' ANCESTOR

# 11th-12th century antiquities from Tamil Nadu to finally come home from Australia



All about the three antiquities

# India, New Zealand to speed implementation of FTA; to double trade to ₹35,000 cr by 2030



# PM to flag off India's first hydrogen train: Why the technology is so challenging



# India is a launchpad for global growth, says PM



Prime Minister Narendra Modi with his New Zealand counterpart Christopher Luxon

SECOND TIME SINCE 1998, THEIR SUCCESS INSPIRES COUNTLESS YOUNG MINDS TO PURSUE EXCELLENCE IN SCIENCE, SAYS DAE SECRETARY AJIT KUMAR MOHANTY

# Five gold medals in Physics Olympiad 'shows Yuva Shakti's limitless potential': PM




**ദേശീയ കൈത്തറി ദിനം**

ഓഗസ്റ്റ് 7

# സമ്പന്നവും വൈവിധ്യപൂർണ്ണവുമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകം

*രാജ്യത്തിന്റെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകമായ ഇന്ത്യയുടെ കൈത്തറി മേഖല സ്വാതന്ത്ര്യസമരത്തിൽ നിർണായക പങ്ക് വഹിച്ചു. 1905 ഓഗസ്റ്റ് 7 ന് ആരംഭിച്ച സ്വദേശി പ്രസ്ഥാനം, കൊളോണിയൽ ഭരണത്തിനെതിരായ സാമ്പത്തിക പ്രതിരോധത്തിന്റെ പ്രതിരൂപമായി തദ്ദേശീയ വ്യവസായങ്ങളെ – പ്രത്യേകിച്ച് കൈത്തറി മേഖലയെ – പ്രോത്സാഹിപ്പിച്ചു. കൈത്തറി വിദഗ്ധരുടെ വിലപ്പെട്ട സംഭാവനകളെ ആദരിക്കുന്നതിനും ഈ പുരാതന ഇന്ത്യൻ കരകൗശലത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി, 2015 ൽ ഇന്ത്യ ഗവണ്മെന്റ് ഓഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി പ്രഖ്യാപിച്ചു. അതിനുശേഷം, നെയ്ത്ത് സമൂഹത്തെ ആദരിക്കുന്നതിനും, അവരുടെ കരകൗശല വൈദഗ്ധ്യം ആഘോഷിക്കുന്നതിനും, ഭാവി തലമുറകൾക്കായി ഇന്ത്യയുടെ തനതായ കൈത്തറി പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും കൈത്തറിയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും ഈ ദിനം ആചരിച്ചുവരുന്നു.*





2026 ഓഗസ്റ്റ് 7ന്

**12-ാമത്**

**ദേശീയ കൈത്തറി ദിനം ആചരിക്കും.**



**ഇന്ത്യയുടെ സമ്പന്നമായ കൈത്തറി പൈതൃകത്തിലും രാജ്യത്തുടനീളമുള്ള ഊർജ്ജസ്വലമായ നെയ്ത്ത് പാരമ്പര്യത്തിലും ഞങ്ങൾ അഭിമാനിക്കുന്നു. നമ്മുടെ കരകൗശല വിദഗ്ധരുടെ കഠിനാധ്വാനത്തെയും വൈദഗ്ധ്യത്തെയും അഭിനന്ദിക്കുകയും പ്രാദേശിക ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'വോക്കൽ ഫോർ ലോക്കൽ' സംരംഭത്തെ പിന്തുണയ്ക്കുന്നതിനുള്ള പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്യുന്നു.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

**ന്യൂ ഇന്ത്യ സമാചാർ ദ്വൈവാരിക**

**RNI NO.: DELENG/2020/78811 AUGUST 01-15, 2026**

RNI Registered No DELENG/2020/78811 (Publishing Date: July 20, 2026 Pages: 46)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
**Press Information Bureau, New Delhi**

**PUBLISHER:**
**Kanchan Prasad**
Director General, on behalf of
**Central Bureau Of Communication**

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003